

JESUS REDEEMS MINISTRIES

# യുവജനലോകം

ജൂലൈ 2025


യേശുവിന്റെ സ്നേഹം
പരത്തേണ്ട നീ, ഒരിക്കലും

## മറഞ്ഞിരിക്കരുത്!

# ആമുഖം







## എന്റെ പ്രിയപ്പെട്ട യൗവനക്കാരെ

യേശുക്രിസ്തുവിന്റെ നാമത്തിൽ എന്റെ സ്നേഹാശംസകൾ!

ജൂൺ, ജൂലൈ മാസങ്ങൾ വന്നാൽ ഒരു ആവലാതിയാണ്. എന്തെന്നാൽ, പുതിയ അധ്യയന വർഷത്തിന്റെ തുടക്കത്തിൽ യൗവനക്കാരായ നിങ്ങൾ വളരെ ഉത്സാഹത്തോടും ആഗ്രഹത്തോടും കൂടി വിദ്യാഭ്യാസം ആരംഭിച്ചിരിക്കും. കർത്താവ് നിങ്ങളെ തന്റെ സ്വർഗ്ഗീയ ജ്ഞാനത്താൽ നിറയ്ക്കുമാറാകട്ടെ. സ്കൂൾ പഠനം പൂർത്തിയാക്കി നിരവധി സ്വപ്നങ്ങളുമായി കോളേജിലേക്ക് ചുവടു വയ്ക്കുന്ന എല്ലാ യൗവനക്കാരും ഒരു കാര്യം മനസ്സിൽ സൂക്ഷിക്കണം. നിങ്ങളുടെ ലക്ഷ്യം മുഴുവനും പഠനത്തിലായിരിക്കണം. സ്കൂളിൽ വളരെ ശ്രദ്ധയോടെ പഠിച്ച് വിജയം കൈവരിച്ച വിദ്യാർത്ഥികൾ കോളേജ് പഠനത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നതിൽ പരാജയപ്പെടുകയും, ഇടറിവീഴുകയും, തെറ്റായ ദിശയിലേക്ക് പോകുകയും ചെയ്യുന്നത് പലപ്പോഴും ഞാൻ കണ്ടിട്ടുണ്ട്. സ്കൂളിൽ ആയിരിക്കുമ്പോൾ അവർ പഠനത്തിലും സ്വഭാവത്തിലും ധാർമ്മികതയിലും മികവ് പുലർത്തുന്നു. കോളേജിൽ പ്രവേശിക്കുമ്പോൾ, ചിറകുകൾ വിരിച്ച് പക്ഷികളെപ്പോലെ പറക്കാൻ ശ്രമിക്കുന്നു. അതേസമയം സ്കൂളിൽ നിന്നും വ്യത്യസ്തമായി, കോളേജിൽ പ്രവേശിച്ചതിനുശേഷം അവർ കർത്താവുമായുള്ള ബന്ധം ശക്തിപ്പെടുത്തി, അവരുടെ കഴിവുകൾ കർത്താവിനായി പ്രയോജനപ്പെടുത്തി, കോളേജ് വിദ്യാഭ്യാസത്തിനുശേഷം മിടുക്കരും തിളങ്ങുന്ന രത്നങ്ങളുമായിത്തീരുന്നു.

എവിടെയായിരുന്നാലും നിങ്ങൾ കർത്താവിനുവേണ്ടി പ്രകാശിക്കണം. നിങ്ങളുടെ സ്കൂളിലും കോളേജിലും കർത്താവിന്റെ വെളിച്ചം പരത്തേണ്ടത് നിങ്ങളാണ്. നിങ്ങൾ മറഞ്ഞിരിക്കാതെ മലമേൽ ഇരിക്കുന്ന വിളക്കുപോലെ പ്രകാശിക്കണം. കർത്താവ് നിങ്ങൾക്ക് നൽകിയിരിക്കുന്ന കഴിവുകൾ പ്രയോജനപ്പെടുത്തുമെന്നാണ് കർത്താവിന്റെ പ്രതീക്ഷ. നിങ്ങളുടെ കഴിവുകൾ വർദ്ധിപ്പിക്കണം. കോളേജിൽ പോകുന്നതുവരെ പല യൗവനക്കാർക്കും യാതൊരു ആത്മീകാനുഭവങ്ങളും ഉണ്ടാകില്ല. എന്നിരുന്നാലും, കോളേജിൽ പോയതിനുശേഷം അവർ കർത്താവിനെ അറിയുകയും, ആത്മീകാനുഭവങ്ങൾ പ്രാപിച്ച് അഭിഷേകത്തിൽ വളരുകയും കർത്താവിനുവേണ്ടി എഴുന്നേറ്റ് തീക്ഷ്ണതയോടെ പ്രവർത്തിക്കുകയും ചെയ്യുന്നത് ഞാൻ കണ്ടിട്ടുണ്ട്.

പ്രിയപ്പെട്ട യൗവനക്കാരാ, നീ ഒരു ഉണർവ് വീരനാണ്. നിന്റെ സ്കൂളിലും കോളേജിലും രക്ഷ പ്രാപിക്കാത്ത യൗവനക്കാർക്ക് സുവിശേഷത്തിന്റെ വെളിച്ചം എത്തിക്കാൻ കർത്താവ് നിന്നെ ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്നു. കർത്താവ് നിനക്ക് വാഗ്ദത്തവും കഴിവുകളും നൽകിയിട്ടുണ്ട്. അനേകരെ നീതിയിലേക്ക് നയിക്കാൻ നിന്നെ തിരഞ്ഞെടുത്തിരിക്കുന്നു. എഴുന്നേറ്റ് പ്രവർത്തിക്കൂ, മറഞ്ഞിരിക്കരുത്, സുവിശേഷത്തിന്റെ വെളിച്ചം മറയ്ക്കാതെ തണ്ടിന്മേൽ പ്രകാശിക്കുന്ന വിളക്കുപോലെ പ്രകാശിക്കുവിൻ. കർത്താവ് നിന്നെ ശക്തീകരിക്കുകയും ഉപയോഗിക്കുകയും ചെയ്യുമെന്നതിൽ സംശയമില്ല.

**ഗിദയോനെപ്പോലെ കാഹളം ഊതി, കുടങ്ങൾ പൊട്ടിച്ച്,**
**പന്തങ്ങൾ ഉയർത്തി കർത്താവിന്റെ പരിച,**
**ഗിദയോന്റെ പരിച എന്നിങ്ങനെ ആർത്തുവിളിക്കുമ്പോൾ ഒരു കൂട്ടം ജനം നിങ്ങളുടെ പിന്നിൽ എഴുന്നേൽക്കും. അവരിലൂടെ വലിയൊരു ഉണർവ് കൊണ്ടുവരുവാൻ കർത്താവ് തയ്യാറാണ്.**
**എഴുന്നേൽക്കുവിൻ! ധൈര്യപ്പെടുവിൻ! മുട്ടുകുത്തുവിൻ!**

ക്രിസ്തുവിന്റെ വേലയിൽ
മോഹൻ സി. ലാസറസ്.

# ലോട്ടറി വിറ്റവൻ ഇന്ന് കാശി ട്രാവൽസ് മുതലാളി



ബസ് സ്റ്റാൻഡിൽ ലോട്ടറി ടിക്കറ്റ് വിറ്റ്, ബസ് തന്റെ വീടാക്കി, കഷ്ടപ്പെട്ട് ഒരു കാർ വാങ്ങി, അതുനിമിത്തം കടക്കാരനായി മാറി, പല സ്ഥലങ്ങളിലും ഡ്രൈവറായി ജോലി ചെയ്ത്, പല കഷ്ടതകളും അതിജീവിച്ച് ഇന്ന് 28 ടെമ്പോ ട്രാവലറുകളുടെ ഉടമയായി, ധാരാളം ജീവനക്കാർക്ക് മാസശമ്പളം നൽകുന്ന നിലയിലേക്ക് കർത്താവ് ഉയർത്തിയ സഹോ. യേശുദാസിനെ കാണാനും, അദ്ദേഹത്തിന്റെ ഉയർച്ചയുടെ രഹസ്യങ്ങൾ കേൾക്കുവാനും നിങ്ങൾ തയാറാണോ?

## സഹോദരാ.... നിങ്ങളെക്കുറിച്ച് പറയാമോ?

എന്റെ പേര് യേശുദാസ്. തിരുനെൽവേലി ജില്ലയിൽ ഒരു ഇടത്തരം കുടുംബത്തിലാണ് ഞാൻ ജനിച്ചത്. എന്റെ മാതാപിതാക്കൾക്ക് 12 മക്കളുണ്ടായിരുന്നു. 9 ആൺകുട്ടികളും, 3 പെൺകുട്ടികളും. ആൺകുട്ടികളിൽ മൂത്ത മകനായിരുന്നു ഞാൻ. എന്റെ അച്ഛൻ ഡ്രൈവറായിരുന്നു. 1984ൽ ഞാൻ എട്ടാം ക്ലാസിൽ പഠിക്കുമ്പോൾ, വീട്ടിലെ വളരെ ബുദ്ധിമുട്ടുള്ള സാഹചര്യങ്ങൾ കാരണം മറ്റൊരു സ്ഥലത്തേക്ക് ജോലിക്ക് പോയി. പ്രതിമാസം 50 രൂപ ശമ്പളത്തിന് ഒരു ലോട്ടറി ടിക്കറ്റ് കടയിൽ ജോലിയ്ക്ക് പ്രവേശിച്ചു. കുറച്ച് ദിവസങ്ങൾക്ക് ശേഷം എന്റെ മുതലാളിയുമായി എനിക്ക് അഭിപ്രായവ്യത്യാസമുണ്ടായി, അതിനാൽ സ്വന്തമായി ഞാൻ ബസുകളിൽ ലോട്ടറി ടിക്കറ്റ് വിൽക്കാൻ തുടങ്ങി. ഞാൻ ബസിൽ തന്നെ കിടക്കുമായിരുന്നു. അതായിരുന്നു എന്റെ വീട്. അതിലെ ഡ്രൈവറും കൺടക്ടറുമായി എനിക്ക്



നല്ല ബന്ധമുണ്ടായിരുന്നു. എന്റെ സാഹചര്യം അറിഞ്ഞപ്പോൾ അച്ഛൻ എന്നെ നാട്ടിലേക്ക് കൊണ്ടുപോയി ഡ്രൈവിങ് ലൈസൻസ് എടുത്തുതന്നു. കുറച്ച് ദിവസങ്ങൾക്കുള്ളിൽ ഞാൻ കാർ ഓടിക്കാൻ കഴിവുള്ള ഡ്രൈവറായി മാറി. വീണ്ടും (കടലൂർ) പട്ടണത്തിലേക്ക് മടങ്ങിവന്നു. കടലൂരിൽ പ്രതിമാസം 150 രൂപയ്ക്ക് ജോലി ചെയ്യാൻ തുടങ്ങി. 1990-91 ൽ ഞാൻ ഒരു ഹെവി ഡ്രൈവറായി. അതായത്, ബസ് ഓടിക്കാൻ തുടങ്ങി. ഞാൻ ഒരു ക്രൈസ്തവനായ മുതലാളിയുടെ കീഴിലാണ് ജോലി ചെയ്തിരുന്നത്.



## യൗവനപ്രായത്തിൽ തന്നെ കഷ്ടതകൾ അനുഭവിച്ചു... തുടർന്നും ബസ് ഡ്രൈവറായി ജോലി ചെയ്തോ?

1995ൽ ഞാൻ വിവാഹിതനായി. എന്റെ ഭാര്യയുടെ പേര് സുധ. വിവാഹം കഴിഞ്ഞ് കുറച്ച് ദിവസങ്ങൾക്ക് ശേഷം എന്റെ അടുക്കൽ നിന്ന് ഡ്രൈവിങ് പഠിച്ച ഒരാൾ എന്നെ ഫോണിൽ വിളിച്ച്, 'നിങ്ങൾ എന്തിനാണ് ബസ് ഓടിച്ചുകൊണ്ടിരിക്കുന്നത്? ഒരു കാർ വാങ്ങി ചെന്നൈയിലേക്ക് പോയാൽ ധാരാളം പണം സമ്പാദിക്കാമല്ലോ' എന്നു പറഞ്ഞു.

ഇത് കേട്ടയുടൻ പണം സമ്പാദിക്കാനുള്ള ആഗ്രഹം എനിക്കും ഉണ്ടായി, ഉടനെ ഞാൻ എന്റെ ഭാര്യയുടെ ആഭരണങ്ങൾ എല്ലാം പണയപ്പെടുത്തി



ഒരു അംബാസിഡർ കാർ വാങ്ങി ചെന്നൈയിലേക്ക് പോയി. അവിടെ ഞാൻ കാർ ഓടിക്കാൻ തുടങ്ങി.

## ആഭരണങ്ങൾ പണയം വച്ച് ഒരു കാർ വാങ്ങി ചെന്നൈയിൽ എത്തി. ചെന്നൈയിലെ ജീവിതം എങ്ങനെയായിരുന്നു? നല്ല വരുമാനം ലഭിച്ചോ?

ഇല്ല, ചെന്നൈയിലെ ജീവിതം ഞാൻ പ്രതീക്ഷിച്ചതുപോലെ ആയിരുന്നില്ല. വളരെ കഷ്ടപ്പെട്ടു. എല്ലാ മാസവും എനിക്ക് 4000 രൂപ DUE അടയ്ക്കാൻ കഴിഞ്ഞില്ല. അതിനുപുറമെ, ഞങ്ങൾക്ക് ഭക്ഷണം കഴിക്കാനും വളരെ ബുദ്ധിമുട്ടായിരുന്നു. ഞെരുക്കത്തിന്റെ ദിവസങ്ങളായിരുന്നു അത്. ആ സമയത്ത് മറ്റൊരു ജോലി കണ്ടെത്താൻ വളരെ ബുദ്ധിമുട്ടായിരുന്നു. ഒരു കാറിന് പത്ത് ഡ്രൈവർമാർ ഉണ്ടാകും. 5 വർഷമായി ഞാൻ ക്രിസ്തുമസിന് വസ്ത്രങ്ങൾ വാങ്ങിയിരുന്നില്ല. എന്റെ കുടുംബം ഒരു വലിയ കുടുംബമാണ്. പക്ഷേ ആരും ഞങ്ങളെ നല്ലതോ മോശമോ ആയ ഒരു കാര്യത്തിനും ക്ഷണിച്ചിരുന്നില്ല. കൈനീട്ടി ഭിക്ഷ യാചിക്കേണ്ട അവസ്ഥ മാത്രം വന്നില്ല. അത്രയേറെ കഷ്ടപ്പെട്ടു.

അക്കാലത്ത് പത്ത് രൂപ ഉണ്ടെങ്കിൽ ഒരു നേരം ഭക്ഷണം കഴിക്കാം. പക്ഷേ ആ പത്ത് രൂപ പോലുമില്ലാതെ ഭക്ഷണം കഴിക്കാതിരുന്ന ദിവസങ്ങളുണ്ടായിരുന്നു. നല്ല വസ്ത്രമോ, ഭക്ഷണമോ ഇല്ലാതെ 300 രൂപയ്ക്ക് വാടക വീട്ടിൽ താമസിച്ചുവന്നു.

## ജോലിയ്ക്കായി ചെന്നൈയിൽ പോയി ധാരാളം കഷ്ടതകൾ അനുഭവിച്ചു. അതിൽ നിന്നും എങ്ങനെ രക്ഷപ്പെട്ടുവെന്ന് പറയാമോ?

Due അടയ്ക്കാൻ കഴിയാതെ കഷ്ടപ്പെട്ടതിനാൽ, എന്റെ കാർ വിറ്റ് ബസ് ഡ്രൈവറായി ജോലി ചെയ്യുവാൻ തുടങ്ങി. ഒരു ടൂറിസ്റ്റ് ബസ് ഓടിച്ചു. 2004ൽ 70,000 രൂപയ്ക്ക് ഞാൻ ആദ്യമായി ഒരു ടെമ്പോ ട്രാവലർ വാങ്ങി. അതിനുശേഷം എല്ലാ വർഷവും ഓരോ ബസ് വാങ്ങാൻ തുടങ്ങി. 2007ൽ ഒരു പുതിയ ബസ് വാങ്ങി കാശി ട്രാവൽസ് എന്ന കമ്പനി തുടങ്ങുവാൻ കർത്താവ് എന്നെ



സഹായിച്ചു. അഞ്ച് കാറുകൾ വാങ്ങുന്നതുവരെ ഞാനും ഒരു ഡ്രൈവറായി പ്രവർത്തിച്ചിരുന്നു. 2007 മുതൽ കർത്താവ് എന്നെ ഉയർത്തുവാൻ തുടങ്ങി. 2019ൽ കാശി ട്രാവൽസ് വളരെ ജനപ്രീതി നേടുവാൻ തുടങ്ങി. ഞാൻ ദൈവഭയത്തോടെ ദൈവീക പാത പിന്തുടർന്നതു നിമിത്തം കർത്താവ് എന്നെ ഉയർത്തി മാനിച്ചു.

**ശരി.... ലോട്ടറി ടിക്കറ്റ് വിറ്റുകൊണ്ടിരുന്ന നിങ്ങളെ ഇന്ന് സ്വന്തമായി ട്രാവൽസ് നടത്തുന്ന തരത്തിലേക്ക് ഉയർത്തിയിരിക്കുന്നു.... ഈ ഉയർച്ചയ്ക്ക് കാരണം എന്താണ്?**

ആദ്യമായി കർത്താവ് എനിക്ക് നൽകിയ ജോലിയിൽ ഉറച്ചുനിന്നു. ആ ദിവസങ്ങളിൽ, ഞാൻ രാവിലെ 4 മണിക്ക് എഴുന്നേറ്റ് പ്രാർത്ഥിച്ചിരുന്നു. വേദപുസ്തകം 2 പ്രാവശ്യം പൂർണ്ണമായി വായിച്ചു.

എല്ലാ ദിവസവും 20 മണിക്കൂർ ജോലിചെയ്തു. ഒരു ദിവസം നാല് മണിക്കൂർ മാത്രമേ ഞാൻ ഉറങ്ങാറുള്ളൂ. 5 വാഹനങ്ങൾ വാങ്ങുന്നതുവരെ ഞാനും ഒരു വാഹനം ഓടിച്ചുകൊണ്ടിരുന്നു. അതിനുശേഷം കർത്താവ് എന്നെ ഉയർത്തിയപ്പോൾ ഡ്രൈവർമാരെ വച്ച് വാഹനം ഓടിക്കാൻ തുടങ്ങി.

ഇപ്പോൾ കർത്താവ് എന്നെ 28 വാഹനങ്ങൾക്ക് ഉടമയാക്കിയിരിക്കുന്നു. ഓരോ വർഷവും കുറഞ്ഞത് പത്ത് വാഹനങ്ങളെങ്കിലും പുതിയതായി വാങ്ങും. പ്രധാനമായും കർത്താവിന്റെ ശുശ്രൂഷയെ താങ്ങുവാൻ കർത്താവ് എന്നെ സഹായിച്ചു. ശുശ്രൂഷയെ കൈതാങ്ങുമ്പോൾ കർത്താവ് നമ്മെ ഉയർത്തുമെന്ന് എനിക്ക് അറിയില്ലായിരുന്നു. ആ ചിന്ത കർത്താവ് എന്റെ ഹൃദയത്തിൽ നൽകി. അതുപോലെ ചെയ്തുവരുന്നു. എല്ലാ മാസവും 10,000, 40,000, 50,000 രൂപ സ്തോത്രകാഴ്ച നൽകുന്നു. എന്നാൽ ഞങ്ങൾ ഒരു ചെറിയ വാടക വീട്ടിൽ മാസം 500 രൂപ നൽകിയാണ് താമസിച്ചിരുന്നത്. എനിക്കായി ഒരു സ്ഥലം വാങ്ങുവാൻ ആഗ്രഹിച്ചിരുന്നില്ല, അതിനെക്കുറിച്ച് എനിക്ക് യാതൊരു ചിന്തയും ഉണ്ടായിരുന്നില്ല. എന്നാൽ ആദ്യമായി ദേവാലയ നിർമ്മാണത്തിനായി ഒരു സ്ഥലം വാങ്ങിക്കൊടുത്തു.

അടുത്ത വർഷം (2013) തന്നെ കർത്താവ് ഞങ്ങൾക്ക് ചെന്നൈയിൽ സ്വന്തമായി ഒരു വീട് നൽകി. സ്വന്തമായി ഒരു വീട് വാങ്ങിയത് എങ്ങനെയെന്ന് ഇപ്പോഴും ഞങ്ങൾക്കറിയില്ല. നാം കർത്താവിനുവേണ്ടി ഒരു കാര്യം ചെയ്യുമ്പോൾ, കർത്താവ് നമുക്കുവേണ്ടി 100 കാര്യങ്ങൾ ചെയ്യും. നാം കർത്താവിനെ അന്വേഷിക്കണം, കർത്താവിനായി നൽകണം. നാം കഠിനാധ്വാനം ചെയ്യുകയും വേണം. അപ്പോൾ മാത്രമേ കർത്താവിന് നമ്മെ ഉയർത്തുവാൻ കഴിയൂ. നാം കഠിനാധ്വാനം ചെയ്യുമ്പോൾ, കർത്താവ് നമ്മുടെ കൈകളുടെ പ്രവർത്തിയെ അനുഗ്രഹിക്കും.



**സൂപ്പർ...നിങ്ങൾ കർത്താവിന് വേണ്ടി നൽകുകയും കഠിനമായി അദ്ധ്വാനിക്കുകയും ചെയ്തു. ഇതാണ് നിങ്ങളുടെ ഉയർച്ചയുടെ രഹസ്യം.... ശരി സഹോദരാ.... ഇന്നത്തെ യൗവനക്കാരോട് നിങ്ങൾ എന്താണ് പറയുവാൻ ആഗ്രഹിക്കുന്നത്?**

ഒന്നാമതായി കർത്താവിനെ അന്വേഷിക്കണം. എല്ലാ ദിവസവും പ്രാർത്ഥിക്കണം. കഠിനാധ്വാനം ചെയ്യണം. വെറുതെ പ്രാർത്ഥിച്ചുകൊണ്ടിരുന്നാൽ മാത്രം നമുക്ക് ഉയർച്ച വരില്ല. കർത്താവ് കാണിക്കുന്ന പാത പിന്തുടരണം. എല്ലാവരും നമുക്ക് ധാരാളം ഉപദേശങ്ങൾ നൽകും. എല്ലാത്തിനും ചെവികൊടുക്കരുത്. എനിക്ക് ഈ ബിസിനസ്സ് മാത്രമേ അറിയൂ. ഇതിലൂടെ ഞാൻ നേട്ടം കൈവരിക്കും എന്ന് ഉറപ്പുണ്ടെങ്കിൽ, നമുക്ക് ഉയർച്ച പ്രാപിക്കാം. അതേസമയം, ശുശ്രൂഷയെ കൈത്താങ്ങി ദൈവരാജ്യ വിസ്തൃതിയ്ക്കായി നൽകുവാനും നാം തയാറായിരിക്കണം. നിങ്ങൾ ശുശ്രൂഷയെ സ്നേഹിക്കുമ്പോൾ, കർത്താവ് നിങ്ങളെ കൂടുതൽ ഉയരങ്ങളിലേക്ക് എത്തിക്കും.

# ഉണർവിൽ യൗവനക്കാർ



**കർത്താവ് അരുളിച്ചെയ്ത അന്ത്യകാല ലക്ഷണങ്ങൾ ഇന്ന് നമുക്ക് ചുറ്റും നിറവേറിക്കൊണ്ടിരിക്കുന്നു. യെരുശലേമിൽ ഒരു ഉണർവ് പൊട്ടിപ്പുറപ്പെട്ടുവെന്നും അവിടെ ആദ്യത്തെ സഭ സ്ഥാപിക്കപ്പെട്ടുവെന്നും അവിടെ നിന്നും അത് ലോകമെമ്പാടും വ്യാപിച്ചുവെന്നും അപ്പൊ. പ്രവർത്തികൾ 2-ാം അദ്ധ്യായത്തിൽ വായിക്കുന്നു. ഉണർവ് വഹിച്ചുകൊണ്ടുപോകുവാനും, അത് വ്യാപിപ്പിക്കുവാനും കർത്താവ് അപ്പൊസ്തലന്മാരും ശിഷ്യന്മാരും ഉൾപ്പെടെ നിരവധി ആളുകളെ ഉപയോഗിച്ചു. അതിൽ പ്രത്യേകിച്ചും യൗവനക്കാരെ ഉപയോഗിച്ചു. നാം ഉണർവിന്റെ കാലഘട്ടത്തിൽ എത്തിയിരിക്കുന്നു. യേശുവിന്റെ വരവ് സമീപിച്ചിരിക്കുന്നു. ഈ ഉണർവിൽ കർത്താവ് യൗവനക്കാരായ നിങ്ങളെ കാത്തിരിക്കുന്നു.**

ക്രൈസ്തവരെ പീഡിപ്പിക്കുവാൻ ശൗൽ ദമസ്കോസിലേക്ക് പോകുന്നു. "കർത്താവ് അവനെ സന്ദർശിച്ച്, അവൻ പ്രയാണം ചെയ്ത് ദമസ്കൊസിനു സമീപിച്ചപ്പോൾ പെട്ടെന്ന് ആകാശത്തു നിന്ന് ഒരു വെളിച്ചം അവന്റെ ചുറ്റും മിന്നി അവൻ നിലത്തു വീണു. ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നത് എന്ത് എന്ന് തന്നോടു പറയുന്ന ഒരു ശബ്ദം കേട്ടു. നീ ആരാകുന്നു കർത്താവേ, എന്ന് അവൻ ചോദിച്ചതിന് നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ. നീ എഴുന്നേറ്റു പട്ടണത്തിൽ ചെല്ലുക; നീ ചെയ്യേണ്ടത് അവിടെവച്ചു നിന്നോടു പറയും" എന്ന് പറഞ്ഞു (അപ്പൊ. പ്രവർത്തികൾ 9:3-6). സുവിശേഷത്തിന് വിരുദ്ധമായ തീക്ഷ്ണത ശൗലിൽ ഉണ്ടായിരുന്നു. യേശുവിന്റെ ശിഷ്യന്മാർക്കെതിരെ ഒരു തീക്ഷ്ണതയുണ്ടായിരുന്നു. ഉണർവിനായി കർത്താവ് തിരഞ്ഞെടുത്തതും ഉപയോഗിച്ചതും ശൗൽ എന്ന ഈ യൗവനക്കാരനെയാണ്. അവനിലൂടെ ലോകത്തിലെ പല രാജ്യങ്ങളിലേക്കും ഉണർവ് വ്യാപിച്ചതായി നാം കാണുന്നു.

## എന്തുകൊണ്ടാണ് ദൈവം പൗലൊസിനെ ഉപയോഗിച്ചത്?



## പൗലോസിലൂടെ ഇത്ര വലിയൊരു ഉണർവ് ഉണ്ടാകാൻ കാരണമെന്തായിരുന്നു?

### ദർശനം പ്രാപിച്ച യൗവനക്കാരൻ

ദമസ്കൊസിലേക്ക് പോകുന്ന വഴിയിൽ കർത്താവ് ശൗലിനെ സന്ദർശിച്ച്, അവനോട് സംസാരിച്ചപ്പോൾ, ഒരു വെളിച്ചത്തിൽ ശൗൽ യേശുവിനെ ദർശിച്ചു. കർത്താവിന്റെ ഹിതത്തിന് സ്വയം സമർപ്പിച്ചു. 'നീ ചെയ്യേണ്ടുന്നത് അവിടെവച്ചു നിന്നോടു പറയും' (അപ്പൊ. പ്രവർത്തികൾ 9:6) എന്ന് കർത്താവ് അരുളിച്ചെയ്തു. സഭയെ നശിപ്പിക്കണം എന്ന ഉദ്ദേശത്തോടെ ഓടിക്കൊണ്ടിരുന്ന പൗലൊസ്, യേശുവിനെ സന്ദർശിച്ചയുടൻ, ഞാൻ എന്തുചെയ്യണമെന്ന് അങ്ങ് ആഗ്രഹിക്കുന്നു എന്ന് ചോദിക്കുകയും ആ ദർശനത്തിനായി തന്നെ സമർപ്പിക്കുകയും ചെയ്തു. അതിനുശേഷം യേശു പലതവണ അവന് പ്രത്യക്ഷമായി. ശുശ്രൂഷയെകുറിച്ച് ദർശനം നൽകി (അപ്പൊ. പ്രവർത്തികൾ 16). കൊരിന്ത് പട്ടണത്തിൽ എതിർപ്പുകൾ ഉണ്ടായി. തളർന്നുപോയ സമയത്ത് ദർശനത്തിൽ കർത്താവ് അവനോട്, 'നീ ഭയപ്പെടാതെ പ്രസംഗിക്ക' (അപ്പൊ. പ്രവർത്തികൾ 18:9) എന്നു പറഞ്ഞ് ശക്തിപ്പെടുത്തി. യെരുശലേം ദൈവാലയത്തിൽ പ്രാർത്ഥിക്കുന്നേരം, ഒരു വിവശതയിൽ ആയി യേശുവിനെ കണ്ടു (അപ്പൊ. പ്രവർത്തികൾ 22:17) എന്ന് വേദപുസ്തകത്തിൽ പറയുന്നു. അവിടെ ഒരു ദർശനം പ്രാപിക്കുന്നത് നാം



കാണുന്നു. ദൈവീകപദ്ധതിയുടെ ദർശനം പ്രാപിച്ച മനുഷ്യനായിരുന്നു പൗലൊസ്. ആ യൗവനക്കാരനെയാണ് ഉണർവിനായി കർത്താവ് ഉപയോഗിച്ചത്.


## പ്രാർത്ഥിക്കുന്ന യൗവനക്കാരൻ

അവൻ മൂന്നു ദിവസം കണ്ണു കാണാതെയും തിന്നുകയോ കുടിക്കുകയോ ചെയ്യാതെയും ഇരുന്നു (അപ്പൊ. പ്രവർത്തികൾ 9:9). ക്രിസ്തുവിന്റെ സഭയെ നശിപ്പിക്കുകയും അനേകരെ കൊല്ലുകയും ചെയ്തതിനാൽ അവന്റെ ദുഃഖം വളരെ വലുതായിരുന്നു. അതുകൊണ്ട് അവൻ തിന്നുകയോ കുടിക്കുകയോ ചെയ്യാതെ ഇരുന്നു. ദമസ്കൊസ് എന്ന പട്ടണത്തിൽ അനന്യാസ് എന്നൊരു ശിഷ്യൻ ഉണ്ടായിരുന്നു. കർത്താവ് ദർശനത്തിൽ അവന് പ്രത്യക്ഷനായി, ശൗൽ എന്നൊരുവൻ ഇപ്പോൾ പ്രാർത്ഥിക്കുന്നു, നിന്റെ വരവിനായി കാത്തിരിക്കുന്നു എന്ന് പറഞ്ഞു. അനന്യാസ് ശൗലിനെ സന്ദർശിച്ച് 'ശൗലേ, സഹോദരാ, നീ കാഴ്ച പ്രാപിച്ചു പരിശുദ്ധാത്മാപൂർണൻ ആകേണ്ടതിനു നീ വന്ന വഴിയിൽ നിനക്കു പ്രത്യക്ഷനായ യേശു എന്ന കർത്താവ് എന്നെ അയച്ചിരിക്കുന്നു' (അപ്പൊ. പ്രവർത്തികൾ 9:17) എന്നു പറഞ്ഞു. പ്രാർത്ഥിക്കുന്ന യൗവനക്കാരെയാണ് ഉണർവിനായി കർത്താവ് ഉപയോഗിക്കുന്നത്. എഫെസ്യർ 6:11ൽ 'ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിക്കുവിൻ' എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. പൗലൊസിന്റെ ശുശ്രൂഷ നിരീക്ഷിക്കുമ്പോൾ, അവൻ യാചിച്ച് പ്രാർത്ഥിക്കുന്നത് നമുക്ക് കാണാം. അവൻ 'പ്രസവ വേദനയോടെ' പ്രാർത്ഥിക്കുന്നു (ഗലാ. 4:19). ഞാൻ പ്രാർത്ഥിക്കുന്നതുപോലെ നിങ്ങളും പ്രാർത്ഥനയിൽ പോരാടേണം ( റോമർ 15:32) എന്ന് പ്രബോധിപ്പിക്കുന്നു. ഇദ്ദേഹത്തിലൂടെയാണ് കർത്താവ് ഉണർവ് വ്യാപിപ്പിച്ചത്.

ജോൺ നോക്സ് എന്ന യുവാവിന്റെ പ്രാർത്ഥനയിലൂടെ സ്കോട്ട്ലൻഡിൽ ഉണർവ് വ്യാപരിച്ചു. അർദ്ധരാത്രി 12 മണി മുതൽ അതിരാവിലെ 3 മണിവരെ പ്രാർത്ഥിച്ച ഇവാൻ റോബർട്ട്സ് മുഖാന്തരം വെയിൽസ് ദേശം മുഴുവനും ഉണർവ് പകരപ്പെട്ടു. പ്രാർത്ഥിക്കാതെ ഉണർവ് കാണുവാൻ സാധിക്കില്ല. കർത്താവിനുവേണ്ടി നേട്ടങ്ങൾ കൈവരിച്ച എല്ലാവരും പ്രാർത്ഥിക്കുന്നവരായിരുന്നു. പ്രാർത്ഥിക്കുന്നവരിലൂടെ മാത്രമേ ഉണർവ് വ്യാപിപ്പിക്കുവാൻ കഴിയൂ.



## സുവിശേഷം പ്രസംഗിച്ച യുവാവ്



പൗലൊസ് കാലതാമസമില്ലാതെ സുവിശേഷം പ്രസംഗിച്ചു (അപ്പൊ. പ്രവർത്തികൾ 9:20). സുവിശേഷകർക്ക് മാത്രമേ ഉണർവിന്റെ തീ വ്യാപിപ്പിപ്പാൻ കഴിയൂ. പൗലൊസ് പ്രാർത്ഥിക്കുക മാത്രം ചെയ്തുകൊണ്ടിരിക്കാതെ, തീവ്രമായി സുവിശേഷം പ്രസംഗിക്കുകയും ചെയ്തു. "ഞാൻ സുവിശേഷം അറിയിക്കുന്നു എങ്കിൽ എനിക്കു പ്രശംസിപ്പാൻ ഒന്നുമില്ല. നിർബന്ധം എന്റെമേൽ കിടക്കുന്നു. ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്ക് അയ്യോ കഷ്ടം!" (1കൊരി.9:16) എന്ന് പറയപ്പെട്ടിരിക്കുന്നു. യൗവന മകനേ(ളേ), നിനക്ക് സുവിശേഷം അറിയിക്കാൻ ശക്തിയുണ്ടെങ്കിലും നീ സുവിശേഷം അറിയിക്കാതിരുന്നാൽ നിനക്ക് ശാപം വരും എന്ന് പൗലോസ് പറയുന്നു.

## ജീവൻ നൽകാൻ തയാറായിരുന്ന യുവാവ്

ഞാൻ പോകുന്നിടത്തെല്ലാം ബന്ധനങ്ങളും കഷ്ടങ്ങളും എനിക്കായി കാത്തിരിക്കുന്നു എന്ന് എനിക്കറിയാം. യെരുശലേമിലേക്ക് പോയാൽ എന്റെ ജീവൻ അപകടത്തിലാകുമെന്ന് എനിക്ക് അറിയാമെങ്കിലും, ഒന്നിനെക്കുറിച്ചും ഭാരപ്പെടാതെയും, ഭയപ്പെടാതെയും യേശുവിനുവേണ്ടി അപമാനിക്കപ്പെടുവാൻ മാത്രമല്ല, കർത്താവിനുവേണ്ടി എന്റെ ജീവൻ നൽകുവാനും ഞാൻ തയാറാണ് (അപ്പൊ. പ്രവർത്തികൾ 20:22-24) എന്ന് പൗലൊസ് പറയുന്നു. കർത്താവ് എന്തിനുവേണ്ടി എന്നെ തിരഞ്ഞെടുത്തുവോ ആ ശുശ്രൂഷ പൂർത്തിയാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കഷ്ടതയും, ഭീഷണികളും കണ്ട് അവൻ പിന്മാറിയില്ല. അതുകൊണ്ടാണ് കർത്താവ് അവനിലൂടെ ഉണർവ് വ്യാപിപ്പിച്ചത്.

**പ്രിയപ്പെട്ട യൗവനക്കാരെ! കർത്താവിനുവേണ്ടി തീക്ഷ്ണതയോടെ ഉണർവ് പടർത്തുന്ന യുവാക്കളും യുവതികളും ആവശ്യമാണ്. അത്തരം യൗവനക്കാരെയാണ് കർത്താവ് അന്വേഷിക്കുന്നത്. പൗലൊസിനെപ്പോലെയുള്ള യൗവനക്കാരെയാണ് കർത്താവിന് വേണ്ടത്. ഒഴിവുകഴിവുകൾ പറയുന്നവരെയല്ല, മറിച്ച്, ജീവൻ നൽകി കർത്താവിനുവേണ്ടി എന്തും ചെയ്യാൻ ഞാൻ തയാറാണ്, എനിക്കുവേണ്ടി ക്രൂശിൽ രക്തം ചൊരിഞ്ഞ കർത്താവിനായി എന്തും ചെയ്യാൻ ഞാൻ തയാറാണ് എന്നു പറയാൻ കഴിയുന്ന യൗവനക്കാരെയാണ് യേശുവിന് വേണ്ടത്. പൗലൊസിനെപ്പോലെ എഴുന്നേൽക്കാൻ നിങ്ങൾ തയാറാണോ?**

# ഞാൻ ഡോക്ടറോ അതോ ഡിസൈനറോ




ഞാൻ +2 പരീക്ഷയിൽ 500ൽ കൂടുതൽ മാർക്ക് നേടുമെന്ന് എന്റെ മാതാപിതാക്കൾ പ്രതീക്ഷിച്ചിരുന്നു. എന്നാൽ ഞാൻ 410 മാർക്ക് മാത്രമേ നേടിയുള്ളൂ. എന്റെ മാതാപിതാക്കൾക്ക് എന്നെ ഒരു മികച്ച ഡോക്ടറാക്കണം എന്നതായിരുന്നു ആഗ്രഹം.

എന്നാൽ എനിക്ക് ആഗ്രഹം ഡിസൈനിങ്, വിനോദം, പാഠ്യേതര പ്രവർത്തനങ്ങൾ എന്നിവയിലാണ്. ഡോക്ടറാകുവാൻ വളരെ കഠിനാധ്വാനം ചെയ്ത് പഠിക്കണം. ആറ് വർഷം മറ്റ് വിനോദങ്ങളൊന്നും ഉണ്ടാകില്ല. എപ്പോഴും പഠിക്കണം. എന്നാൽ വിഷ്വൽ കമ്മ്യൂണിക്കേഷൻ എടുത്താൽ ഡിസൈനിംഗ് പഠിക്കാൻ കഴിയും. എന്റെ കഴിവുകൾ പ്രകടിപ്പിക്കാനും സാധിക്കും. പക്ഷേ എന്റെ മാതാപിതാക്കൾ എന്നെ നിർബന്ധിക്കുന്നു. ഞാൻ എന്ത് ചെയ്യും? സഹായിക്കാമോ - ഉമ, ഊട്ടി.

പ്രിയപ്പെട്ട സഹോദരി, നിങ്ങളുടെ കോളേജ് വിദ്യാഭ്യാസത്തിനായി മാതാപിതാക്കളുമായി പോരാടുന്നുണ്ടെന്ന് തോന്നുന്നു. നിങ്ങൾ എങ്ങനെയെങ്കിലും ഒരു ഡോക്ടറാകണമെന്ന് അവർ ആഗ്രഹിക്കുന്നു. പക്ഷേ, മെഡിക്കൽ ഫീൽഡിൽ പോകാതെ വിഷ്വൽ കമ്മ്യൂണിക്കേഷൻ പഠിച്ച് നിങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കാമെന്ന് നിങ്ങൾ ചിന്തിക്കുന്നതും മനസ്സിലാകുന്നു.

ഏത് പ്രൊഫഷൻ തിരഞ്ഞെടുത്താലും അതിൽ കഠിനാധ്വാനം ചെയ്യണം. അതായത്, ഏകാഗ്രതയോടെ പഠിക്കണം. എങ്കിൽ മാത്രമേ ഏത് മേഖലയിലും നേട്ടങ്ങൾ കൈവരിക്കാൻ കഴിയൂ. ഏതെങ്കിലും ഒരു കോഴ്സ് പഠിച്ചാൽ മതി, അധികം ശ്രദ്ധ കേന്ദ്രീകരിക്കാതെ പഠിച്ചാൽ മതി എന്ന ആശയം തെറ്റാണ്. വിഷ്വൽ കമ്മ്യൂണിക്കേഷൻ കോഴ്സ് എടുത്താലും അതിലും പൂർണ്ണ ശ്രദ്ധ ചെലുത്തണം. എങ്കിൽ മാത്രമേ ആ മേഖലയിൽ നേട്ടങ്ങൾ കൈവരിക്കാൻ കഴിയൂ. ഡിസൈൻ മേഖലയിൽ നേട്ടം കൈവരിച്ച പലരും കഠിനാധ്വാനം ചെയ്തവരും, രാവും പകലും പൂർണ്ണമായും ആ മേഖലയെക്കുറിച്ച് പഠിച്ചവരാണ്. അതുകൊണ്ട് ഡോക്ടർ പഠനത്തിന് കഠിനാധ്വാനം വേണം, മറ്റ് ഏത് മേഖലയിലും കഠിനാധ്വാനവും ശ്രദ്ധയും ആവശ്യമില്ല എന്ന് ചിന്തിക്കുന്നത് വളരെ തെറ്റാണ്. ഏത് മേഖലയായാലും ശ്രദ്ധ ചെലുത്തി പഠിക്കേണ്ടതും, കഠിനമായി പരിശ്രമിക്കേണ്ടതും വളരെ പ്രധാനമാണ്. ഉമ ആദ്യം നിങ്ങളുടെ ചിന്താശൈലി മാറ്റണം.

കൂടാതെ ഏത് മേഖലയിലെ ഏത് കോഴ്സിനും വ്യക്തത ആവശ്യമാണ്. വിഷ്വൽ കമ്മ്യൂണിക്കേഷൻ ഒരു അടിസ്ഥാനമാണ്. അതിൽ നിന്ന് നിങ്ങൾ ഏത് ശാഖയാണ് സ്പെഷ്യലൈസ് ചെയ്യാൻ പോകുന്നതെന്ന് ആലോചിക്കണം.

1. Graphic Design
2. U1/U* Design
3. Animation & Motion graphics
4. Illustration

ഇതുപോലുള്ള നിരവധി ശാഖകളുണ്ട്. അതിൽ നിങ്ങൾക്ക് താൽപര്യമുള്ളത് തിരഞ്ഞെടു ക്കുന്നതാണ് നല്ലത്.

കൂടാതെ, നിങ്ങളുടെ തിരഞ്ഞെടുപ്പിനെക്കുറിച്ച് മാതാപിതാക്കളോട് പറയുമ്പോൾ, പഠനത്തിൽ



നിങ്ങളുടെ ശ്രദ്ധയും കഴിവും എന്താണെന്ന് ക്ഷമയോടെ വിശദീകരിക്കണം. കൂടാതെ, ഡിസൈനിംഗ് പഠനത്തിൽ എത്രമാത്രം **scope** ഉണ്ടെന്ന് വിശദമായ പഠനം നടത്തിയ ശേഷം അവരോട് വ്യക്തമായി പറയണം.

എല്ലാ മാതാപിതാക്കളെ പോലെ നിങ്ങളുടെ മാതാപിതാക്കളും തങ്ങളുടെ മകളുടെ ഭാവി നന്നായിരിക്കണമെന്ന് ആഗ്രഹിച്ചാണ് ഡോക്ടർ പ്രൊഫഷൻ തിരഞ്ഞെടുക്കുന്നത്. കൂടാതെ നിലവിലുള്ള ട്രെൻഡനുസരിച്ച് **scope** ഉള്ള ഒരു പ്രൊഫഷനാണ് ഡിസൈനിംഗ് എന്ന് അവർക്ക് അറിയാത്തതിനാലുള്ള ഭയം നിമിത്തം , നിങ്ങൾ ജീവിതത്തിൽ തെറ്റായ പാത തിരഞ്ഞെടുത്ത് കഷ്ടടപ്പെടരുത് എന്ന് അവർ ആശങ്കപ്പെടുന്നു. അതിനാൽ നിങ്ങളുടെ മാതാപിതാക്കളുടെ **feelings** മനസ്സിലാക്കുവിൻ.






## നിങ്ങൾ ചെയ്യേണ്ട ചില Homework....

- നിങ്ങൾ പഠിക്കാൻ പോകുന്ന **Visual Communication studies** നെ കുറിച്ച് നന്നായി വിശകലനം ചെയ്യുവിൻ.
- നിങ്ങളുടെ **designing profession**ൽ **graphic designing**ന്റെ സാധ്യതകളെക്കുറിച്ച് **Research** ചെയ്യുകയും, അതിന്റെ ഗുണങ്ങൾ, വിശാലമായ തൊഴിലവസരങ്ങൾ എന്നിവയെക്കുറിച്ച് മനസ്സിലാക്കുകയും ചെയ്യുവിൻ.
- നിങ്ങളുടെ മാതാപിതാക്കളോട് നിങ്ങളുടെ ആഗ്രഹങ്ങളും, അതുപോലെ ഡിസൈനിംഗ് കോഴ്സിന്റെ ഗുണങ്ങളും അവർക്ക് മനസ്സിലാകുന്ന രീതിയിൽ വിശദീകരിക്കുവിൻ.
- അതേ സമയം ഡോക്ടറാകാൻ വേണ്ടി പഠിക്കാൻ കഴിയാത്തതിനെക്കുറിച്ചും അവരോട് പറയുക. +2 പഠനത്തിൽ നിങ്ങൾ നേരിട്ട പ്രശ്നങ്ങളും, മാർക്ക് കുറയുവാനുള്ള കാരണങ്ങളെക്കുറിച്ചും പറയുമ്പോൾ അവർക്ക് അത് മനസ്സിലാകും.
- എന്നാൽ ഈ **Visual Communication** കോഴ്സ് തുടക്കം മുതൽ വളരെ ശ്രദ്ധയോടെ പഠിക്കാൻ ശ്രമിക്കണം. അശ്രദ്ധമായിരുന്നാൽ **entertainment**നായി ശ്രദ്ധയില്ലാതെ പഠിച്ചാൽ നേട്ടം കൈവരിക്കാൻ കഴിയില്ല. തുടർന്ന് നിങ്ങൾ തളർന്നുപോകുകയും, പൂർണ്ണമായി പരാജയപ്പെടുകയും കരയേണ്ട അവസ്ഥയിലാവുകയും ചെയ്യും.

## നിങ്ങൾ ചെയ്യാൻ പാടില്ലാത്ത ചില കാര്യങ്ങൾ

- ഒരുപക്ഷേ ഇത്രയേറെ സംസാരിച്ചിട്ടും വിശദീകരിച്ചിട്ടും നിങ്ങളുടെ മാതാപിതാക്കൾ ശ്രദ്ധിക്കുന്നില്ലെങ്കിൽ നിരുത്സാഹപ്പെടരുത്.
- പലപ്പോഴും ചില വിദ്യാർത്ഥികൾ അവർ ആഗ്രഹിക്കുന്ന കോഴ്സ് ലഭിച്ചില്ലെങ്കിൽ തെറ്റായ തീരുമാനങ്ങൾ എടുക്കാറുണ്ട്. ഒരു കാരണവശാലും നിങ്ങൾ അങ്ങനെ ചെയ്യരുത്.
- നിങ്ങളുടെ മാതാപിതാക്കൾ മനസ്സിലാക്കുന്നത് വരെ ക്ഷമയോടിരിക്കുവിൻ.
- ഉമ, നിങ്ങളുടെ മാതാപിതാക്കൾക്ക് നിങ്ങളുടെ സാഹചര്യം മനസ്സിലാക്കാനും അവരുടെ മനസ്സ് മാറ്റാനും സാധ്യതയുണ്ട്. ആത്മവിശ്വാസത്തോടെ പ്രവർത്തിക്കുവിൻ.
- ഡിസൈനിംഗ് പഠിക്കണം എന്ന നിങ്ങളുടെ സ്വപ്നം തീർച്ചയായും സാക്ഷാത്കരിക്കപ്പെടും. എല്ലാ പരിശ്രമത്തിലും യേശു നിങ്ങളെ സഹായിക്കും. നിങ്ങളുടെ ബലഹീനതയെക്കുറിച്ച് ഭാരപ്പെടേണ്ട. ഭയപ്പെടേണ്ട. ആത്മവിശ്വാസത്തോടെ മുന്നോട്ട് പോകുവിൻ.

*All the Best!!*



# മറഞ്ഞിരിക്കരുത്







കർത്താവ് നമുക്ക് നൽകിയ കഴിവുകൾ പുറം ലോകത്തിന് മുന്നിൽ പ്രദർശിപ്പിക്കുന്നതിൽ പരാജയപ്പെട്ടാൽ, നമുക്ക് അർഹമായ സമ്പത്തും, ഉയർന്ന സ്ഥാനങ്ങളും, സ്വാധീനവും, പ്രശസ്തിയും നഷ്ടപ്പെടും. ലോകം നമ്മെ അന്വേഷിച്ച് വന്ന് നമ്മുടെ കഴിവുകൾ തിരിച്ചറിഞ്ഞ് ഉയർന്ന സ്ഥാനങ്ങൾ നൽകുമെന്ന് കാത്തിരുന്നാൽ നിരാശ മാത്രമേ ഉണ്ടാകൂ. നിങ്ങളുടെ കഴിവുകളും അറിവും പുറം ലോകത്തിന് മുന്നിൽ പ്രദർശിപ്പിക്കാൻ അവസരം ലഭിക്കുകയാണെങ്കിൽ, തീർച്ചയായും അത് നഷ്ടപ്പെടുത്തരുത്. നിങ്ങളുടെ വിജയത്തിന് മുന്നോടിയായി അത് ഉപയോഗപ്പെടുത്തുക. നിങ്ങളുടെ കഴിവുകൾ മറയ്ക്കാതെ പുറം ലോകത്തിന് കാണിക്കുവിൻ.

കർത്താവ് നമുക്ക് നൽകുന്ന ഉത്തരവാദിത്തങ്ങളും കഴിവുകളും നമ്മുടെ താലന്തിനെ സൂചിപ്പിക്കുന്നു. ചിലർക്ക് പാടാനുള്ള കഴിവ്, പ്രാർത്ഥിക്കാനുള്ള കഴിവ്, പ്രസംഗിക്കാനുള്ള കഴിവ് എന്നിങ്ങനെ നിരവധി കഴിവുകളുണ്ട്. കർത്താവ് ഓരോ വ്യക്തിക്കും വ്യത്യസ്തമായ താലന്തുകൾ നൽകിയിട്ടുണ്ട്. അവ തനിക്കുവേണ്ടി

ഉപയോഗിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു. ഈജിപ്തിലേക്ക് അടിമയായി കൊണ്ടുപോകപ്പെട്ട യോസേഫ്, കർത്താവ് തനിക്ക് നൽകിയ കഴിവുകൾ ഉപയോഗിച്ച് പോത്തിഫറിന്റെ വീട്ടിലും, തടവറയിലും വലിയവനായി കാണപ്പെട്ടു. കൂടാതെ, കർത്താവ് നൽകിയ ജ്ഞാനത്താൽ അവൻ മിസ്രയീം ദേശത്തെ മുഴുവൻ ക്ഷാമത്തിൽ നിന്ന് രക്ഷിച്ചു. "പിന്നെ ഫറവോൻ യോസേഫിനോട്: ദൈവം ഇതൊക്കെയും നിനക്കു വെളിപ്പെടുത്തിത്തന്നതു കൊണ്ടു നിന്നെപ്പോലെ വിവേകവും ജ്ഞാനവുമുള്ളവൻ ഒരുത്തനുമില്ല" (ഉൽപത്തി 41:39) എന്നു പറഞ്ഞു. കർത്താവ് തനിക്ക് നൽകിയ ജ്ഞാനം ദൈവനാമം മഹത്വപ്പെടുത്താൻ യോസേഫ് ഉപയോഗിച്ചതുപോലെ, നിങ്ങളും നിങ്ങളുടെ കഴിവുകൾ കർത്താവിനുവേണ്ടി ഉപയോഗപ്പെടുത്തി ദൈവനാമം മഹത്വപ്പെടുത്തുവിൻ.

യേശുവിന്റെ കാലത്ത്, പരീശന്മാരും ശിഷ്യന്മാരും എപ്പോഴും കർത്താവിന് ചുറ്റും ഉണ്ടായിരുന്നു. താലന്തുകളെ കുറിച്ച് യേശു രണ്ടുകൂട്ടരോടും ഉപമകളിലൂടെ പ്രസ്താവിച്ചു. "ഒരുവന് അഞ്ചു താലന്ത്, ഒരുവനു രണ്ട്, ഒരുവന് ഒന്ന് ഇങ്ങനെ ഓരോരുത്തന് അവനവന്റെ പ്രാപ്തിപോലെ കൊടുത്തു യാത്ര പുറപ്പെട്ടു" ( മത്തായി 25:15). അഞ്ചു താലന്തും രണ്ട് താലന്തും ലഭിച്ചവർ കഠിനാധ്വാനം ചെയ്ത് തങ്ങളുടെ കൈവശമുള്ളത് ഇരട്ടിയാക്കി. എന്നാൽ ഒരു താലന്ത് ലഭിച്ചവൻ അത് വർദ്ധിപ്പിക്കാൻ പരിശ്രമിക്കാതെ കുഴിച്ചിട്ടു. അവൻ ആസൂത്രണത്തോടെ കഠിനാധ്വാനം ചെയ്ത് ഉത്സാഹത്തോടെ പ്രവർത്തിച്ചിരുന്നുവെങ്കിൽ, അവനും തന്റെ താലന്ത് ഇരട്ടിയാക്കാമായിരുന്നു. നല്ല അവസരങ്ങളും സാഹചര്യങ്ങളും ഉണ്ടായിരുന്നിട്ടും അത് ഉപയോഗിക്കുന്നതിൽ പരാജയപ്പെട്ടതിനാൽ



അയാൾക്ക് തന്റെ താലന്ത് നഷ്ടപ്പെട്ടു. നിങ്ങളുടെ കഴിവുകൾ ദൈവരാജ്യത്തിനായി പ്രയോജനപ്പെടുത്താൻ തുടങ്ങുമ്പോൾ നിങ്ങളുടെ താലന്തുകൾ ഇരട്ടിയായി വർദ്ധിക്കുമെന്നതിൽ യാതൊരു സംശയവുമില്ല.

**പ്രിയപ്പെട്ട യൗവനക്കാരെ! കർത്താവ് നിങ്ങൾക്ക് നൽകിയിരിക്കുന്ന താലന്തുകൾ കണ്ടെത്തുവിൻ. അവ മറയ്ച്ചുവയ്ക്കാതെ ഉപയോഗിക്കാൻ ശ്രമിക്കുവിൻ. മറ്റുള്ളവരെപ്പോലെ പ്രവർത്തിക്കുവാൻ നിങ്ങൾക്ക് കഴിയില്ലെങ്കിലും, കർത്താവ് നിങ്ങൾക്ക് നൽകിയ കഴിവനുസരിച്ച് പ്രവർത്തിക്കാൻ തുടങ്ങുമ്പോൾ നിങ്ങളിലുള്ള വരങ്ങളും, കൃപകളും, ശക്തിയും വർദ്ധിക്കുന്നത് നിങ്ങൾ കാണും. നിങ്ങളുടെ കഴിവുകളെക്കുറിച്ച് തീർച്ചയായും നിങ്ങൾ കർത്താവിന് കണക്ക് നൽകണം. "ഉള്ളവനു കൊടുക്കും; അവനു സമൃദ്ധിയുണ്ടാകും; ഇല്ലാത്തവനോടോ അവനുള്ളതുംകൂടെ എടുത്തുകളയും" (മത്തായി 13:12).**

# Seeds of Revival

# ഉണർവിന്റെ വിത്തുകൾ!




**ഉണർവിന്റെ യോദ്ധാക്കളെ... കഴിഞ്ഞ മാസം നാം ജെയിംസ് ചാൽമേഴ്സിന്റെ മിഷനറി പ്രവർത്തനങ്ങളെക്കുറിച്ചും അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തെക്കുറിച്ചും അറിഞ്ഞു. ഈ മാസം സ്കോട്ട്ലൻഡിൽ ജനിച്ച്, കുട്ടിക്കാലത്ത് തന്നെ യേശുവിന്റെ സ്നേഹം അനുഭവിച്ചറിഞ്ഞ് ഒരു യൂറോപ്യനും കാലുകുത്തിയിട്ടില്ലാത്ത നൈജീരിയയിലെ കലബോറിലേക്ക് കടന്നുപോയ ഒരു വനിത മിഷനറിയെക്കുറിച്ച് നാം കാണുവാൻ പോകുന്നു. ഇത് ആരാണ് എന്ന ആശ്ചര്യമായിരിക്കാം!**

1848 ഡിസംബർ 2ന് സ്കോട്ട്ലൻഡിലെ ഒരു ദരിദ്ര കുടുംബത്തിലാണ് മേരി സ്ലേസർ ജനിച്ചത്. അവളുടെ പിതാവ് മദ്യപാനത്തിന് അടിമയായിരുന്നു. അതുകൊണ്ട് 11 വയസ്സുള്ളപ്പോൾ തന്നെ കുടുംബം പോറ്റാൻ പകൽ സമയത്ത് ഒരു ഫാക്ടറിയിൽ ജോലി ചെയ്യുകയും രാത്രിയിൽ സ്കൂളിൽ പോയി പഠിക്കുകയും ചെയ്തിരുന്നു. വയോധികയായ ഒരു സ്ത്രീയുടെ പ്രസംഗത്തിലൂടെ അവൾ കർത്താവിനെ തന്റെ രക്ഷകനായി സ്വീകരിച്ചു, കർത്താവിനോടുള്ള അധികമായ സ്നേഹം കാരണം, പാഠപുസ്തകങ്ങളോടൊപ്പം വേദപുസ്തകവും കൊണ്ടുപോകുമായിരുന്നു.

മേരിയുടെ അമ്മ വളരെ ഭക്തിയുള്ള ഒരു ക്രൈസ്തവ സ്ത്രീയായിരുന്നു. അവർ പലപ്പോഴും തന്റെ കുഞ്ഞുങ്ങളോട് യേശുക്രിസ്തുവിന്റെ സ്നേഹത്തെക്കുറിച്ചും ആഫ്രിക്കയിലെ കുട്ടികൾക്ക് യേശുവിന്റെ സ്നേഹത്തെക്കുറിച്ച് അറിവില്ലായ്മയെകുറിച്ചും പറയുമായിരുന്നു. ഇക്കാരണത്താൽ, മിഷനറി ശുശ്രൂഷയുടെ ഒരു വലിയ ഭാരം മേരിയ്ക്ക് ഉണ്ടായതുനിമിത്തം ആഫ്രിക്കയിലെ കുഞ്ഞുങ്ങളോട് സുവിശേഷം അറിയിക്കാൻ ഞാൻ ഒരു മിഷനറിയായി പോകും എന്ന് അവൾ പലപ്പോഴും തന്റെ മാതാവിനോട് പറഞ്ഞിരുന്നു. മേരി ഒരു ദിവസം 10 മണിക്കൂർ എന്ന തരത്തിൽ 14 വർഷം ഒരു ഫാക്ടറിയിൽ ജോലി ചെയ്തിരുന്നു. ഒഴിവുസമയങ്ങളിൽ അവൾ കർത്താവിനുവേണ്ടി തന്നാൽ



കഴിയുന്നതെല്ലാം ചെയ്തു. ആ സമയത്തും ആഫ്രിക്ക ഭൂഖണ്ഡം അവളുടെ കൺമുന്നിൽ എപ്പോഴും ദൃശ്യമായിരുന്നു.

ആഫ്രിക്കയെ ഇരുണ്ട ഭൂഖണ്ഡം എന്ന് വിളിക്കുന്നത് എന്തുകൊണ്ടാണ് എന്ന് മേരിക്ക് പെട്ടെന്ന് മനസ്സിലായി. അത് ക്രൂരതയുടെയും പാപത്തിന്റെയും മ്ലേഛതയുടെയും ദേശമായിരുന്നു. അടിമകച്ചവടം വ്യാപകമായി നടന്നിരുന്നു. പുരുഷന്മാരെയും, സ്ത്രീകളെയും, കുഞ്ഞുങ്ങളെയും നിഷ്കരുണം പിടുകൂടി അടിമകളാക്കി വിൽക്കുകയും, മൃഗങ്ങളെക്കാൾ മോശമായി അവരോട് പെരുമാറുകയും ചെയ്തിരുന്നു. ഇരട്ടകുട്ടികൾ ജനിച്ചാൽ അതിൽ ഒരു കുഞ്ഞ് സാത്താന്റെ കുഞ്ഞാണെന്നും, ആ അമ്മ വലിയ പാപം ചെയ്തുവെന്നും വിശ്വസിച്ച് നാട്ടുകാർ ആ രണ്ട് കുഞ്ഞുങ്ങളെയും കാട്ടുമൃഗങ്ങൾക്ക് എറിഞ്ഞുകൊടുത്തിരുന്നു.



മേരി അവിടെയുള്ള ആളുകളുടെ കുടിലുകളിൽ താമസിച്ചു. അവരുടെ ഭക്ഷണമായ മത്സ്യവും, ഉരുളക്കിഴങ്ങും, പഴങ്ങളും കഴിച്ചു. അവൾ അവർക്ക് വസ്ത്രങ്ങൾ തയ്ച്ചുകൊടുക്കുകയും, എഴുതാനും വായിക്കാനും പഠിപ്പിക്കുന്ന അദ്ധ്യാപികയായും, രോഗങ്ങൾ സൗഖ്യമാക്കുന്ന നഴ്സായും സേവനം അനുഷ്ഠിച്ചു. അവർക്കിടയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്ന ഒരു നേതാവെന്ന നിലയിൽ മാതൃസ്നേഹത്തോടെ ആശ്വസിപ്പിച്ച് ശരിയായ ജീവിതപാതയിലേക്ക് നയിച്ചതിനാൽ അവർ അവളെ മദർ എന്ന് വിളിച്ചിരുന്നു. അങ്ങനെ മദർ സ്ലേസർ എന്ന് വിളിക്കപ്പെട്ടു.

ആഫ്രിക്കയുടെ ഉൾപ്രദേശങ്ങളിലേക്ക് പോകാൻ ആഗ്രഹിച്ച മേരി തന്നോടൊപ്പം ആഫ്രിക്കയിലെ മൂന്ന് ആൺകുട്ടികളെയും ഒരു കൊച്ചു പെൺകുട്ടിയെയും കൊണ്ടുപോയി. ഇരുണ്ട വനത്തിലൂടെ പ്രവേശിച്ച് അവർ ഉൾഗ്രാമത്തിലെത്തി. ഗ്രാമവാസികൾക്ക് മേരി വസ്ത്രങ്ങൾ നൽകി, വായിക്കുവാനും, തയ്ക്കുവാനും പഠിപ്പിച്ചു. യേശുവിന്റെ കഥകൾ പറഞ്ഞുകൊടുത്തു. പലപ്പോഴും മേരി മൈലുകൾ നടന്നുപോയി ഉൾപ്രദേശങ്ങളിലെ ആഫ്രിക്കൻ ഗോത്രങ്ങൾക്കിടയിലെ തർക്കങ്ങൾ പരിഹരിച്ചിരുന്നു. ഗോത്രങ്ങൾ അവളുടെ സത്യസന്ധമായ വിധിന്യായങ്ങൾ അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്തു. അവൾ ശുശ്രൂഷ ചെയ്തിരുന്ന പ്രദേശങ്ങൾ ബ്രിട്ടീഷ് സർക്കാരിന്റെ ഭരണത്തിനു കീഴിലായപ്പോൾ, മേരിയെ സർക്കാർ പ്രതിനിധിയായി നിയമിച്ചു. 'വെള്ള രാജ്ഞി' എന്ന പദവിയിൽ മേരി വളരെയധികം പ്രശംസിക്കപ്പെട്ടു.

ആഫ്രിക്കയിലെ ജനങ്ങളെപ്പോലെ തന്നെ വളരെ ലളിതമായ ജീവിതമാണ് മേരി നയിച്ചത്. ഇരട്ടകുഞ്ഞുങ്ങൾ, അനാഥർ,വീണ്ടെടുക്കപ്പെട്ട അടിമകൾ എന്നിങ്ങനെ നിരവധി ആളുകളെ അവർ സംരക്ഷിച്ചു. അടിമക്കച്ചവടം നിലനിന്നിരുന്ന സ്ഥലങ്ങളിൽ നരഭോജികൾ എന്ന് വിളിക്കപ്പെടുന്നവരുടെ മദ്ധ്യത്തിൽ അവൾ നിർഭയമായി കർത്താവിന്റെ വേല ചെയ്തു. വാർദ്ധക്യത്തിലും അവൾ ഉത്സാഹത്തോടെ പ്രവർത്തിച്ചു. സൈക്കിളിൽ സഞ്ചരിച്ച് ഗ്രാമങ്ങളിൽ സേവനമനുഷ്ഠിച്ചു. ചില സമയങ്ങളിൽ അവരെ കസേരയിൽ എടുത്തുകൊണ്ടുപോയിരുന്നു. അങ്ങനെ മേരി വാർദ്ധക്യത്തിലും ആഫ്രിക്കൻ ജനതയെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്തു.

ബ്രിട്ടീഷ് സർക്കാർ ആഫ്രിക്കയുടെ ആ ഭാഗങ്ങളിൽ മേരിയെ ജഡ്ജിയായി നിയമിച്ചു. ബ്രിട്ടീഷ് സാമ്രാജ്യത്തിൽ ജഡ്ജിയായി നിയമിക്കപ്പെട്ട ആദ്യ വനിതയായിരുന്നു മേരി സ്ലേസർ. തനിക്ക് ലഭിച്ച ഉന്നത പദവി ക്രിസ്തുവിനായി അവർ ഉപയോഗപ്പെടുത്തി. ആഫ്രിക്കൻ രാജ്യത്തിലെ പൗരന്മാരും അവിടെ ജോലി ചെയ്തിരുന്ന ബ്രിട്ടീഷ് ഉദ്യോഗസ്ഥരും ക്രിസ്തുവിനെ സ്വീകരിക്കണം എന്ന ലക്ഷ്യത്തോടെ അവർ അവിടെ ഒരു ജഡ്ജിയായി സേവനമനുഷ്ഠിച്ചു.

മേരി സ്ലേസർ തന്റെ മാതൃരാജ്യത്തിലേക്ക് മടങ്ങിയില്ല. അവസാന ശ്വാസം വരെ ക്രിസ്തുവിന്റെ വേല നിർവഹിക്കുന്നതിനായി അവർ ആഫ്രിക്കയിൽ തന്നെ തുടർന്നു. ബലഹീനതയോ വാർദ്ധക്യമോ രോഗമോ അവരുടെ ശുശ്രൂഷയെ തടസ്സപ്പെടുത്തിയില്ല. നടക്കുവാൻ കഴിഞ്ഞില്ലെങ്കിലും കിടക്കയിൽ ഇരുന്ന് പ്രാർത്ഥിക്കുന്നത് തുടർന്നു. അവരുടെ ചിന്തകളെല്ലാം സ്വർഗ്ഗത്തെക്കുറിച്ചായിരുന്നു. അവസാനം 1915 ജനുവരി 13 തിങ്കളാഴ്ച അവർ കർത്താവിന്റെ സന്നിധിയിൽ ചേർക്കപ്പെട്ടു.

**ഇത് വായിക്കുന്ന യൗവനക്കാരെ! മേരി ഒരു സാധാരണ സ്ത്രീയാണ്! എന്നാൽ ക്രിസ്തുവിനെ അറിഞ്ഞതിനുശേഷം ഭാഷ അറിയാത്ത, വളരെ അപകടകരമായ, തികച്ചും വ്യത്യസ്തമായ ഭക്ഷണശീലമുള്ള അപകടകാരികളായ ജനങ്ങളുള്ള ആഫ്രിക്കൻ ഭൂഖണ്ഡത്തിലേക്ക് പോയി അവരുടെ മദ്ധ്യത്തിൽ ശുശ്രൂഷിക്കുകയും നിരവധി ആത്മാക്കളെ നേടുകയും ചെയ്തു. അനേകം മിഷനറിമാർ ഇന്ത്യയിലേക്ക് വന്നു, ഭാഷ പഠിച്ച് ശുശ്രൂഷ ചെയ്ത് ആത്മാക്കളെ ക്രിസ്തുവിലേക്ക് നയിക്കുകയും രക്തസാക്ഷിയാവുകയും ചെയ്തു. നമ്മുടെ ഇന്ത്യയിലെ 148 കോടി ജനങ്ങൾക്കുവേണ്ടി നാം എന്ത് ത്യാഗമാണ് ചെയ്യാൻ പോകുന്നത്? ചിന്തിച്ച് പ്രവർത്തിക്കുവിൻ! ഇത് നിശബ്ദത പാലിക്കാനുള്ള സമയമല്ല, വിതയ്ക്കാനുള്ള സമയമാണ്.....!**

# ലക്ഷ്യത്തിലേക്കുള്ള യാത്ര










## യുവ വിജയികൾക്ക് എന്റെ സ്നേഹാശംസകൾ!

**ഈ ലോകത്ത് ജനിക്കുന്ന ഓരോ മനുഷ്യനും ജീവിതത്തിൽ ഒരു ലക്ഷ്യമുണ്ടാകും. വളരെ കുറച്ചുപേർ മാത്രമേ ആ ലക്ഷ്യം മനസ്സിലാക്കുകയും നേട്ടക്കാരായി മാറുകയും ചെയ്യുന്നുള്ളൂ. പലരും തങ്ങളുടെ ജീവിതത്തിന്റെ ഉദ്ദേശ്യം അറിയാതെ സാഹചര്യങ്ങളെക്കുറിച്ച് പരാതിപ്പെടുന്നു. തന്റെ ജീവിതത്തിന്റെ ഉദ്ദേശ്യം മനസ്സിലാക്കി ദൃഢനിശ്ചയത്തിലൂടെ ആ നേട്ടം നേടിയെടുത്ത ഒരു വിജയിയുടെ ജീവിതം നിങ്ങൾക്കു മുന്നിൽ...**

ജോൺ ഫ്ലോപ്പി അമേരിക്കയിലാണ് ജനിച്ചത്. ജനനത്തിൽ തന്നെ രണ്ട് കൈകളും ഇല്ലാതെ ശരീരത്തിൽ ചില വ്യത്യസ്തതകളോടെയാണ് അദ്ദേഹം ജനിച്ചത്. ഇതുകാരണം അദ്ദേഹത്തിന് സാധാരണ മനുഷ്യരെപ്പോലെ ആകാൻ കഴിയില്ലെന്ന് പരിശോധിച്ച ഡോക്ടർമാർ പറഞ്ഞു. എന്നാൽ ജോണിന്റെ മാതാപിതാക്കൾ അദ്ദേഹത്തെ വളരെയധികം ആത്മവിശ്വാസത്തോടെയാണ് വളർത്തിയത്.

മറ്റ് കുട്ടികളെപ്പോലെ അവർ അദ്ദേഹത്തെയും സ്നേഹിച്ചു. 10 വയസ്സുള്ളപ്പോൾ ജോൺ തന്റെ ദൈനംദിന കാര്യങ്ങൾ കാലുകൾ ഉപയോഗിച്ച് ചെയ്യാൻ തുടങ്ങി. 16 വയസ്സിൽ **haiti**ൽ പോയപ്പോൾ, ഒരു ആൺകുട്ടി അദ്ദേഹത്തെ കെട്ടിപ്പിടിച്ചു. എന്നാൽ കൈകൾ ഇല്ലാത്തതിനാൽ ജോണിന് ആ സ്നേഹം തിരികെ നൽകാൻ കഴിഞ്ഞില്ല.

ഇത് ജീവിതത്തിൽ തന്റെ ലക്ഷ്യം കണ്ടെത്താനും മറ്റുള്ളവർക്ക് ഒരു മാതൃകയാകാനും അദ്ദേഹത്തെ പ്രേരിപ്പിച്ചു. തുടർന്ന് കമ്മ്യൂണിക്കേഷൻ ആൻഡ് സോഷ്യൽ വർക്കിൽ ബിരുദം നേടി **(B.Sc (Communication), MSW Master of Social work,** പ്രശസ്ത പ്രഭാഷകനായ **Zig Ziglar**ൽ നിന്ന് പരിശീലനം നേടി ലോകമെമ്പാടുമുള്ള 15 രാജ്യങ്ങളിൽ **Motivational speech** നടത്തിയിട്ടുണ്ട്.

അതിനുപുറമെ, അദ്ദേഹത്തിന്റെ **What's your Excuse** എന്ന പുസ്തകം 6 ഭാഷകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിലവിൽ അദ്ദേഹം **Society of St. Vincent de Paul** ന്റെ ഡയറക്ടറായി പ്രവർത്തിക്കുന്നു.


കൂടാതെ നിരവധി ആളുകളെ സഹായിക്കുകയും ചെയ്യുന്നു. എഴുത്ത്, പാചകം, ഡ്രൈവിംഗ് തുടങ്ങി നിരവധി കാര്യങ്ങൾ സ്വന്തമായി ചെയ്യാൻ അദ്ദേഹം തന്റെ കാലുകൾ ഉപയോഗിക്കുന്നു.

ഒരിക്കലും കരങ്ങളില്ല എന്ന് അദ്ദേഹത്തിന് തോന്നിയിട്ടില്ല, തന്നെ സന്ദർശിക്കുന്ന എല്ലാവരിലും ആത്മവിശ്വാസം പകർന്നുകൊടുക്കുന്നു. എവിടെ പോയാലും അദ്ദേഹം തന്നെക്കുറിച്ച് ഭാരപ്പെടാതെ തനിക്കുള്ള ആത്മവിശ്വാസം പ്രകടിപ്പിക്കുന്നു. ഇന്ന് അദ്ദേഹം ഒരു മികച്ച പ്രഭാഷകനായിരിക്കുന്നു.





ഇത് വായിക്കുന്ന സ്നേഹിതരെ!
ആദ്യം നമ്മുടെ ജീവിതത്തിന്റെ ഉദ്ദേശ്യം തിരിച്ചറിഞ്ഞാൽ, ഒരിക്കലും നമ്മൾ സാഹചര്യങ്ങൾ നോക്കി ഒഴിവുകഴിവുകൾ പറയില്ല. അതിനെതിരെ പോരാടി വിജയിക്കും!!



# അത്ഭുത വാർത്തകൾ!

Hi friends, എല്ലാവർക്കും സുഖമാണോ? അത്ഭുത വാർത്തകൾ എന്ന പംക്തിയിലൂടെ നിങ്ങളെ വീണ്ടും കാണാൻ കഴിഞ്ഞതിൽ സന്തോഷിക്കുന്നു. ഈ പംക്തിയിൽ നാം എല്ലാ മാസവും യേശുക്രിസ്തു ഇന്നും ജീവനോടിരിക്കുന്നു എന്നതിന്റെ തെളിവായി തന്റെ മക്കളോടൊപ്പം പ്രവർത്തിക്കുന്ന അമാനുഷിക അത്ഭുതങ്ങൾ നാം കാണുന്നു. ഈ മാസവും അത്തരത്തിൽ നടന്ന അത്ഭുതം നമുക്ക് കാണാം.

**Wait... Wait....** അതിനുമുമ്പ് നമ്മുടെ വേദപുസ്തകത്തിൽ പത്രൊസും, യോഹന്നാനും പ്രാർത്ഥിക്കാൻ ദേവാലയത്തിൽ പോയപ്പോൾ അമ്മയുടെ ഗർഭത്തിൽ നിന്ന് മുടന്തനായി ജനിച്ച ഒരു മനുഷ്യൻ അവിടെ ഭിക്ഷ യാചിക്കുന്നത് അവർ കണ്ടു. അവർ അവനെ നോക്കി 'വെള്ളിയും പൊന്നും എനിക്കില്ല; നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ നടക്ക' എന്നു പറഞ്ഞപ്പോൾ അവന്റെ കാലുകൾ ഉറച്ച്, കുതിച്ചെഴുന്നേറ്റു നടന്നും തുള്ളിയും ദൈവത്തെ പുകഴ്ത്തി എന്ന് അപ്പൊ. പ്രവർത്തികൾ 3-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നു.

പക്ഷേ ഈ കാലഘട്ടത്തിൽ ഇത്തരമൊരു അത്ഭുതം സംഭവിക്കുമോ എന്ന് ചിന്തിച്ചുകൊണ്ടിരുന്നപ്പോൾ ആഫ്രിക്കയിൽ നിന്ന് അത്ഭുതകരമായ ഒരു വാർത്ത ഞങ്ങൾക്ക് ലഭിച്ചു.

'വെള്ളിയും പൊന്നും എനിക്കില്ല; നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ നടക്ക' എന്നു പറഞ്ഞപ്പോൾ ആ മുടന്തൻ എഴുന്നേറ്റ് നടന്നു. ആഫ്രിക്കയിൽ ഇത്തരം അത്ഭുതങ്ങൾ സംഭവിക്കുമോ എന്ന് ചിന്തിച്ചിരുന്ന മിഷനറി റെയ്നാർഡ് ബോങ്കെ.



**തന്റെ മിഷനറി പ്രവർത്തനത്തിനിടയിൽ പ്രാർത്ഥിക്കുമ്പോൾ ഒന്നോ രണ്ടോ അത്ഭുതങ്ങൾ സംഭവിക്കുന്നത് കണ്ട് കർത്താവിനെ സ്തുതിച്ചിരുന്നു. എന്നാൽ ഒരേ സമയത്തിൽ, ഒരു സെക്കന്റിനുള്ളിൽ അത്ഭുതം സംഭവിക്കില്ലേ എന്നത് അദ്ദേഹത്തിന്റെ പ്രാർത്ഥനയും യാചനയും വാഞ്ഛയുമായി മാറിയിരുന്നു.**



ബോങ്കെ ഒരു പ്രശസ്തനായ ശുശ്രൂഷകനോടൊപ്പം അത്ഭുത രോഗസൗഖ്യ ശുശ്രൂഷ നടത്തി. ആദ്യത്തെ ദിവസം വൈകുന്നേരം മൈതാനത്തിൽ ജനക്കൂട്ടം തടിച്ചുകൂടി. എന്നാൽ ശുശ്രൂഷയുടെ അവസാനം രോഗസൗഖ്യ പ്രാർത്ഥന നടത്താതെ പ്രാസംഗികൻ ശുശ്രൂഷ അവസാനിപ്പിച്ചു. അടുത്ത ദിവസം രോഗസൗഖ്യത്തിനായി പ്രാർത്ഥിക്കുമെന്ന് അറിയിക്കപ്പെട്ടു. അടുത്ത ദിവസം വൈകുന്നേരം വലിയൊരു ജനക്കൂട്ടം അവിടെ ഉണ്ടായിരുന്നു. ഇത് കണ്ട ബോങ്കെ സന്തോഷത്തോടെ പ്രാസംഗികനെ കൊണ്ടുവരാൻ വാഹനവുമായി പോയി. എന്നാൽ പരിശുദ്ധാത്മാവ് എന്നോട് ഭവനത്തിലേക്ക് പോകാൻ പറയുന്നു എന്നു പറഞ്ഞ് അദ്ദേഹം കടന്നുപോയി. ബോങ്കെ സ്റ്റിയറിംഗിൽ കമിഴ്ന്നുകിടന്ന് കരഞ്ഞു. ഇത്രയും വലിയ ജനക്കൂട്ടത്തെ കൂട്ടിവരുത്തിയശേഷം പരിശുദ്ധാത്മാവ് അദ്ദേഹത്തോട് പോകുവാൻ പറഞ്ഞെങ്കിൽ, അങ്ങ് വന്ന് അത്ഭുതം പ്രവർത്തിക്കണം എന്ന് അദ്ദേഹം പ്രാർത്ഥിച്ചു. ബോങ്കെ കാറെടുത്ത് ധൈര്യത്തോടെ കടന്നുപോയി പ്ലാറ്റ്ഫോമിൽ കയറി പ്രസംഗിക്കാൻ തുടങ്ങിയപ്പോൾ ദൈവാത്മാവിന്റെ ചലനം അദ്ദേഹത്തിന് അനുഭവപ്പെട്ടു. യോഗത്തിന്റെ അവസാനം എല്ലാ അന്ധരോടും 'എഴുന്നേറ്റ് നിൽക്കുവിൻ' എന്നു പറഞ്ഞ് അവർക്കുവേണ്ടി പ്രാർത്ഥിച്ചു. 'അന്ധമായ കണ്ണുകൾ തുറക്കപ്പെടട്ടെ' എന്ന് വിളിച്ചുപറഞ്ഞു. അടുത്ത നിമിഷം അഞ്ച് അന്ധർ എഴുന്നേറ്റ് നിന്ന് 'എനിക്ക് കാണാം' എന്ന് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. ബോങ്കെയും ജനക്കൂട്ടവും അതുകേട്ട് അത്ഭുതപ്പെട്ടു. ഇത് കണ്ട ഒരു അമ്മ നടക്കുവാൻ കഴിയാത്ത തന്റെ കുഞ്ഞിനെ ബോങ്കെയുടെ കരങ്ങളിൽ നൽകി പ്രാർത്ഥന ആവശ്യപ്പെട്ടു. വളഞ്ഞ കാലുകളുള്ള കുഞ്ഞിനുവേണ്ടി 'യേശുവിന്റെ നാമത്തിൽ കാലുകൾ സൗഖ്യമാകട്ടെ' എന്ന് ഉച്ചത്തിൽ പ്രാർത്ഥിച്ചപ്പോൾ, അദ്ദേഹം അറിയാതെ ആ കുഞ്ഞ് താഴെ വീഴ്ന്നു. കുഞ്ഞ് താഴെ വീണുപോയല്ലോ എന്ന് ഭാരത്തോടെ നോക്കിയപ്പോൾ ഒരു അത്ഭുതം അവിടെ അദ്ദേഹത്തെ കാത്തിരുന്നു. ആ കുട്ടിയുടെ കാലുകൾ ശക്തി പ്രാപിച്ചു, എഴുന്നേറ്റ് നടക്കാൻ തുടങ്ങി. അതു കണ്ട ബോങ്കെ കണ്ണുനീരോടെ ചുമരിലേക്ക് തിരിഞ്ഞു, "കർത്താവേ ആ പ്രാസംഗികനെ ഭവനത്തിലേക്ക് അയച്ചതിന് നന്ദി. എന്നെയും ഉപയോഗിച്ചതിന് അങ്ങയെ സ്തുതിക്കുന്നു" എന്ന് പ്രാർത്ഥിച്ചു!

നോക്കൂ സ്നേഹിതരെ, എത്ര വലിയ അത്ഭുതം...! കർത്താവ് ബോങ്കെയുടെ കരങ്ങളിലൂടെ കൃത്യസമയത്ത് അത്ഭുതം പ്രവർത്തിച്ചു. പത്രൊസിലൂടെയും യോഹന്നാനിലൂടെയും കർത്താവ് അത്ഭുതം പ്രവർത്തിച്ചു. നമ്മുടെ കരങ്ങളിലൂടെയും അമാനുഷികമായ അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ കർത്താവിന് കഴിയും, കൃത്യസമയത്ത് കർത്താവ് അത് നിറവേറ്റും. അതിനായി നമുക്ക് സമർപ്പണത്തോടെ ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കാം.





# പ്രാർത്ഥന ഡയറി

## ജൂലൈ 2025

1. റോഡപകടം നിമിത്തം എല്ലാ വർഷവും ഏകദേശം 1.3 ദശലക്ഷം ജനങ്ങൾ മരണപ്പെടുന്നു. റോഡപകടങ്ങൾ നിമിത്തമുണ്ടാകുന്ന മരണങ്ങൾ തടയപ്പെടുന്നതിനായി പ്രാർത്ഥിക്കുവിൻ.

2. റോഡപകടങ്ങളിലൂടെ 5 -29 വയസ്സ് പ്രായമുള്ള കുട്ടികളിലും യൗവനക്കാരിലും ഉണ്ടാകുന്ന പരിക്കുകളും മരണങ്ങളും ഇല്ലാതാകുവാനായി പ്രാർത്ഥിക്കുവിൻ.


3. അപകടങ്ങളിലൂടെ മാതാപിതാക്കളും, കുഞ്ഞുങ്ങളും നഷ്ടപ്പെട്ട കുടുംബങ്ങളിൽ കർത്താവ് തുണയായിരുന്ന് വഴികാട്ടുവാനായി പ്രാർത്ഥിക്കുവിൻ.



4. മദ്യപിച്ച് വാഹനമോടിക്കുന്നത് നിരവധി റോഡപകടങ്ങൾക്കും മരണത്തിനും കാരണമാകുന്നു. മദ്യപിച്ച് വാഹനമോടിക്കുന്ന ഡ്രൈവർമാരുടെ ലൈസൻസ് റദ്ദാക്കുവാനായി പ്രാർത്ഥിക്കുവിൻ.

5. റോഡപകടത്തെ തുടർന്ന് ജീവനുവേണ്ടി മല്ലിട്ട ഒരുവനെ രക്ഷിച്ച നല്ല ശമര്യക്കാരനെ പോലെ, നമ്മളിൽ ഓരോരുത്തരും മറ്റുള്ളവരോട് കരുണയും സ്നേഹവുമുള്ളവരായി മാറുവാനായി പ്രാർത്ഥിക്കുവിൻ.

6. രാജ്യങ്ങളിൽ കണ്ടുവരുന്ന ബാലവേലക്കാരെ രക്ഷിക്കുവാനും, ഈ അടിമത്തത്തിനെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കാനും പ്രാർത്ഥിക്കുവിൻ.



7. കുടുംബ സാഹചര്യങ്ങൾ നിമിത്തം തൊഴിൽ ചെയ്യാൻ നിർബന്ധിതരായി, അതിൽ നിന്ന് രക്ഷപ്പെടാൻ കഴിയാതിരിക്കുന്ന കൊച്ചു കുഞ്ഞുങ്ങളുടെ വിടുതലിനായി പ്രാർത്ഥിക്കുവിൻ.

8. കുട്ടിക്കാലത്ത് തന്നെ തങ്ങളുടെ സന്തോഷവും, വിദ്യാഭ്യാസവും, സ്വാതന്ത്ര്യവും, കുടുംബവും നഷ്ടപ്പെട്ട് ഭാരപ്പെടുന്ന കുഞ്ഞുങ്ങൾക്ക് ഗവൺമെന്റിലൂടെയും സന്നദ്ധ സംഘടനകളിലൂടെയും ഉടനടി പരിഹാരം ഉണ്ടാകുന്നതിനായി പ്രാർത്ഥിക്കുവിൻ.

9. കുഞ്ഞുങ്ങളെ കഠിനമായ ജോലികൾക്കും, ലൈംഗിക പീഡനത്തിനും നിർബന്ധിക്കുകയും, അവരെ തല്ലുകയും ഉപദ്രവിക്കുകയും ചെയ്യുന്നവർ മാനസാന്തരപ്പെടുവാനും കുഞ്ഞുങ്ങൾ വിടുവിക്കപ്പെടാനും പ്രാർത്ഥിക്കുവിൻ.



10. കുഞ്ഞുങ്ങളുടെമേൽ ദൈവീക സംരക്ഷണം ലഭിക്കുവാനായി പ്രാർത്ഥിക്കുവിൻ.

11. അതിർത്തി സുരക്ഷാ ഡ്യൂട്ടിയിലുള്ള 2.6 ലക്ഷം സൈനികരും രക്ഷ പ്രാപിക്കുവാനും, കർത്താവ് അവർക്ക് സംരക്ഷണം നൽകുവാനും പ്രാർത്ഥിക്കുവിൻ.

12. സൈനികർക്ക് നല്ല ജ്ഞാനവും വ്യക്തമായ കാഴ്ചപ്പാടും ഉണ്ടാകുവാനായി പ്രാർത്ഥിക്കുവിൻ.

13. യുദ്ധ സംഘർഷങ്ങൾ പൂർണ്ണമായും അവസാനിക്കുവാനും, രാജ്യങ്ങൾക്കിടയിൽ ഐക്യതയും സ്നേഹവും ഉണ്ടാകുവാനായും പ്രാർത്ഥിക്കുവിൻ.



14. ഇന്ത്യൻ സൈന്യം ശക്തരായി കാണപ്പെടാനും, സൈനികർ കർത്തവ്യബോധത്തോടെ അവരുടെ കടമ നിർവഹിക്കുവാനും പ്രാർത്ഥിക്കുവിൻ.


15. അവർ തങ്ങളുടെ ജോലിയിൽ സത്യസന്ധതയോടെ പ്രവർത്തിക്കുവാനും, ദൈവഭയമുണ്ടാകുവാനും പ്രാർത്ഥിക്കുവിൻ.

16. ഇന്ത്യയിലുള്ള 5 ലക്ഷം സഭകൾ വളർന്ന് പെരുകുവാനും, എല്ലാ സഭകളിലും ഉണർവിന്റെ തീ പകരപ്പെടുവാനും പ്രാർത്ഥിക്കുവിൻ.

17. ഇന്ത്യയിലുള്ള എല്ലാ സഭകളും ഉണർവിനായി ഒരുങ്ങുവാനായി പ്രാർത്ഥിക്കുവിൻ.

18. എല്ലാ സഭകളും ആത്മാക്കളെ നേടുന്ന സഭകളായി മാറുവാനും, യൗവനക്കാർ ശുശ്രൂഷ ചെയ്യുന്നവരായി മാറുവാനും പ്രാർത്ഥിക്കുവിൻ.

19. ദൈവരാജ്യവിസ്തൃതിയ്ക്കായി എല്ലാ സഭകളും, ശുശ്രൂഷകരും ഒരുമിച്ച് പ്രവർത്തിക്കുവാനായി പ്രാർത്ഥിക്കുവിൻ.



20. തെറ്റായ ഉപദേശങ്ങൾ സഭയിൽ കടന്നുവന്ന് വിശ്വാസികളെ വഞ്ചിക്കാതിരിക്കുവാനും, സഭകളിൽ ദൈവീക ആധിപത്യം ഉണ്ടാകുവാനും പ്രാർത്ഥിക്കുവിൻ.

21. ഇന്ത്യ സാങ്കേതിക മേഖലയിൽ വികസിക്കുവാനും, സമ്പദ് വ്യവസ്ഥ അനുഗ്രഹിക്കപ്പെടാനും പ്രാർത്ഥിക്കുവിൻ.

22. ഇന്ത്യയിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകളുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുന്നതിനായി പ്രാർത്ഥിക്കുവിൻ.

23. ഇന്ത്യയിൽ 60% ത്തിലധികമുള്ള യൗവനക്കാർ രക്ഷ പ്രാപിക്കുവാനായി പ്രാർത്ഥിക്കുവിൻ.

24. ഭാവിയെക്കുറിച്ച് ഒരു ദർശനമോ ലക്ഷ്യമോ ഇല്ലാതിരിക്കുന്ന യൗവനക്കാരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുവിൻ.

25. ഇന്ത്യയിലുള്ള കൊച്ചു കുഞ്ഞുങ്ങൾ രക്ഷ പ്രാപിക്കാനും, കൊച്ചു കുഞ്ഞുങ്ങളുടെ മദ്ധ്യത്തിൽ ഉണർവ് ഉണ്ടാകുവാനും പ്രാർത്ഥിക്കുവിൻ.

26. ഇന്ത്യയിലുള്ള 2717 ജനവിഭാഗങ്ങളോടും സുവിശേഷം അറിയിക്കപ്പെടാനും, അവർ രക്ഷ പ്രാപിക്കുവാനും പ്രാർത്ഥിക്കുവിൻ.

27. ഇന്ത്യയിലെ 6.64 ലക്ഷം ഗ്രാമങ്ങളിൽ ഉണർവ് ഉണ്ടാകുവാനായി പ്രാർത്ഥിക്കുവിൻ.

28.553 ഗോത്രവർഗ്ഗങ്ങളിലുള്ള ആദിവാസികളും രക്ഷ പ്രാപിക്കുവാനായി പ്രാർത്ഥിക്കുവിൻ.

29. സുവിശേഷത്തിനായുള്ള വാതിലുകൾ തുറക്കപ്പെടാനും, സുവിശേഷത്തിന് വിരോധമായി എഴുന്നേൽക്കുന്ന ശക്തികൾ നശിച്ചുപോകുവാനും പ്രാർത്ഥിക്കുവിൻ.

30. ഇന്ത്യയിൽ വായു മലിനീകരണം ഉണ്ടാകാതെ രാജ്യം സംരക്ഷിക്കപ്പെടാനും, അമിതമായി മലിനീകരണം ഉണ്ടാക്കുന്ന ഫാക്ടറികൾക്കെതിരെ സർക്കാർ ഉചിതമായ നടപടികൾ സ്വീകരിക്കുവാനും പ്രാർത്ഥിക്കുവിൻ.

31. വായു മലിനീകരണം മൂലമുണ്ടാകുന്ന രോഗങ്ങളിൽ നിന്നും, മരണങ്ങളിൽ നിന്നും ആളുകൾ സംരക്ഷിക്കപ്പെടുവാനായി പ്രാർത്ഥിക്കുവിൻ.

# ഞാൻ ഒരു പ്രാർത്ഥന നായകൻ



എന്റെ പ്രിയ സഹോദരി സഹോദരന്മാരേ, എല്ലാ മാസവും ഞാൻ ഒരു പ്രാർത്ഥന നായകൻ എന്ന തലക്കെട്ടിൽ പലതരം പ്രാർത്ഥനകളെക്കുറിച്ച് നാം പഠിച്ചുവരുന്നു. കഴിഞ്ഞ മാസം എസ്ഥേറിന്റെ ഉപവാസ പ്രാർത്ഥനയെക്കുറിച്ചും അതിന്റെ ഫലങ്ങൾ എന്താണെന്നും നാം പഠിച്ചു. ഈ മാസം നാം യുദ്ധ പ്രാർത്ഥനയെക്കുറിച്ച് ധ്യാനിക്കുവാൻ പോകുന്നു. യുദ്ധ പ്രാർത്ഥനയിൽ കർത്താവിനോട് എന്തെങ്കിലും ചോദിക്കുക മാത്രമല്ല, എന്ത് വിഷയമാണോ ആ വിഷയത്തെക്കുറിച്ച് കർത്താവിനോട് പറയുകയും, കർത്താവിന്റെ ശക്തിയിൽ വിശ്വസിച്ച് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## യുദ്ധ പ്രാർത്ഥന

### യാക്കോബിന്റെ യുദ്ധ പ്രാർത്ഥന

യാക്കോബിന്റെ ജീവിതം മുഴുവനും പോരാട്ടങ്ങൾ നിറഞ്ഞതായിരുന്നു. അമ്മയുടെ ഉദരത്തിൽ വച്ച് അവൻ തന്റെ സഹോദരൻ ഏശാവുമായി പോരാടി. ജന്മാവകാശത്തിനായി അവൻ പിതാവുമായി യുദ്ധം ചെയ്തു. പിന്നെ, താൻ ആഗ്രഹിച്ച സ്ത്രീയെ വിവാഹം കഴിക്കാൻ അവൻ 14 വർഷം പോരാടി. അവന്റെ എല്ലാ പോരാട്ടങ്ങളിലും ഏറ്റവും വലിയ പോരാട്ടം അവൻ കർത്താവുമായി മല്ലുപിടിച്ച പോരാട്ടമായിരുന്നു.
രാത്രി മുഴുവൻ പ്രാർത്ഥിക്കുന്നതിന് മുമ്പ് യാക്കോബ് നീതിമാനായിരുന്നില്ല. കർത്താവ് തന്റെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുമെന്ന് അവനറിയാമായിരുന്നു. ഏശാവ് തന്നെ കൊല്ലാൻ പോകുന്നുവെന്ന് അറിഞ്ഞപ്പോൾ, അവൻ തന്റെ ഭവനത്തിൽ നിന്നും അമ്മാവനായ ലാബാന്റെ ഭവനത്തിലേക്കുള്ള വഴിയിൽ ഒരു സ്ഥലത്ത് രാത്രി താമസിച്ചു. ഭൂമിയെയും ആകാശത്തെയും ബന്ധിപ്പിക്കുന്ന ഒരു കോവണി, ദൂതന്മാർ അതിന്മേൽകൂടി കയറുകയും ഇറങ്ങുകയും ചെയ്യുന്നതായി സ്വപ്നം കണ്ട് അവൻ ഉണർന്നു. കർത്താവ് ആ സ്ഥലത്തുണ്ടെന്ന് തിരിച്ചറിഞ്ഞു. യാക്കോബ് 20 വർഷം ലാബാന്റെ ഭവനത്തിൽ താമസിച്ചു. ലാബാന്റെ രണ്ട് പെൺമക്കളെ അവൻ വിവാഹം കഴിച്ചു. തലമുറകളാൽ അനുഗ്രഹിക്കപ്പെടുകയും അഭിവൃദ്ധി പ്രാപിക്കുകയും ഒടുവിൽ തന്റെ ഭവനത്തിലേക്ക് മടങ്ങുകയും ചെയ്തു. അവൻ ഭവനത്തിലേക്ക് അടുക്കുമ്പോൾ, തന്റെ സഹോദരനായ ഏശാവിനെ കാണുമെന്ന് വളരെ ഭയപ്പെട്ടു. (യാക്കോബ്) തന്റെ ... പതിനൊന്നു പുത്രന്മാരെയും കൂട്ടി യബ്ബോക് കടവു കടന്നു (ഉൽപത്തി 32:22). ഉൽപത്തി പുസ്തകത്തിൽ പരാമർശിച്ചിരിക്കുന്ന നിരവധി നദികളിൽ ഒന്നാണ് യബ്ബോക്. യബ്ബോക്കിന്റെ തീരത്തുവച്ച് യാക്കോബും ദൈവവുമായി നടന്ന മല്ലയുദ്ധമാണ് വേദപുസ്തകത്തിലെ ഏറ്റവും പ്രശസ്തമായ യുദ്ധം.



"അപ്പോൾ ഒരു പുരുഷൻ ഉഷസ്സാകുവോളം അവനോടു മല്ലുപിടിച്ചു. അവനെ ജയിക്കയില്ല എന്നു കണ്ടപ്പോൾ അവൻ അവന്റെ തുടയുടെ തടം തൊട്ടു. ആകയാൽ അവനോടു മല്ലുപിടിക്കയിൽ യാക്കോബിന്റെ തുടയുടെ തടം ഉളുക്കിപ്പോയി" (ഉൽപത്തി 32:24,25).

നദിയ്ക്കക്കരെ യാക്കോബ് തനിച്ചിരുന്നപ്പോൾ, ഒരു പുരുഷൻ പുലരുവോളം യാക്കോബുമായി മല്ലുപിടിച്ചു. യാക്കോബും അവനോട് മല്ലുപിടിച്ചുകൊണ്ടിരുന്നു. നേരം പുലർന്നപ്പോൾ എന്നെ വിടുക എന്ന് അവൻ പറഞ്ഞതിന് നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല എന്ന് അവൻ പറഞ്ഞു (ഉൽപത്തി 32:26) മല്ലുപിടിച്ച അവന് വലിയൊരു അനുഗ്രഹം ലഭിച്ചു.



യാക്കോബ് ദൈവത്തോടു മല്ലുപിടിച്ചതിനാൽ കർത്താവ് യാക്കോബിനെ അനുഗ്രഹിച്ച്, നീ ദൈവത്തോടും മനുഷ്യരോടും മല്ലുപിടിച്ചു ജയിച്ചതുകൊണ്ടു നിന്റെ പേർ ഇനി യാക്കോബ് എന്നല്ല യിസ്രായേൽ എന്നു വിളിക്കപ്പെടും (ഉൽപത്തി 32:28) എന്നു പറഞ്ഞു. ഉപായിയായിരുന്ന യാക്കോബ് യിസ്രായേൽ എന്ന പേരിന് അവകാശിയായി (ഉല്പത്തി 32:26). യാക്കോബ് തന്റെ ജീവിതത്തിൽ അനുഗ്രഹത്തിനായി കരഞ്ഞു, പ്രാർത്ഥിച്ചു, പോരാടി. ഒരുപക്ഷേ യാക്കോബ് ഇങ്ങനെ പോരാടി പ്രാർത്ഥിച്ചിരുന്നില്ലെങ്കിൽ ഇസ്രായേൽ ജനത രൂപപ്പെടാൻ സാധ്യതയില്ലായിരുന്നു.

യബ്ബോക് നദിയുടെ തീരത്ത് കർത്താവുമായി മല്ലുപിടിച്ചതിന്റെ ഫലമായി ഉപായി ആയിരുന്നവൻ ദൈവത്തിന്റെ ജനമായി മാറി. ആ പോരാട്ട പ്രാർത്ഥന ഏശാവുമായി സമാധാനം സ്ഥാപിക്കുവാൻ സഹായിച്ചു. വർഷങ്ങളായി വേർപിരിഞ്ഞിരുന്ന സഹോദരങ്ങൾ വീണ്ടും ഒന്നിച്ചു. ഇത് എത്ര സന്തോഷമാണ്!

**പ്രിയ മക്കളെ, രാത്രിയിൽ കർത്താവുമായി മല്ലുപിടിക്കുന്ന പ്രാർത്ഥനകൾ നിങ്ങളുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കും. യാക്കോബ് ദൈവവുമായി മല്ലുപിടിച്ച്, നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല എന്നു പറഞ്ഞതുപോലെ, നിങ്ങളുടെ അനുഗ്രഹങ്ങൾക്കായി പ്രാർത്ഥിക്കുകയും അവകാശമാക്കുകയും ചെയ്യുവിൻ. യാക്കോബിനെ യിസ്രായേലാക്കി മാറ്റിയ കർത്താവ് തീർച്ചയായും നിങ്ങളെയും ആത്മീകരാക്കി മാറ്റും. നിങ്ങളുടെ കാര്യങ്ങൾ വിജയിക്കും...!**


# ആഗോള ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ

*യേശു വിടുവിക്കുന്നു*

**ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!**

**Trivandrum**
യേശു വിടുവിക്കുന്നു ആഗോള ഉണർവ് പ്രാർത്ഥനാ കേന്ദ്രം
KVR - 247, മുളവന ജംഗ്ഷൻ,
തേക്കുംമൂട്, കണ്ണമ്മൂല റോഡ്,
തിരുവനന്തപുരം - 695035
Office Time 9:30 A.M. - 5:30 P.M.
Ph: 92497 18266, 0471-233 1392.

**Kochi**
Chandrasseri House,
Madaplathuroth,
Moothakunnam - 683 516,
Kochi,
Kerala State.

**Kottayam**
2nd Floor,
Aswathy Tower,
Thekkumgopuram - 686 001,
Kottayam, Kerala State.
Office Time 10:00 A.M. - 6:00 P.M.
Mob: 94967 44001, 99463 00001.



**ദേശത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ വരുവിൻ... കർത്താവ് നിങ്ങളുടെ ഭാരങ്ങൾ മാറ്റും!**

തിരുവനന്തപുരം, കൊച്ചി, കോട്ടയം ശാഖാ കാര്യാലയത്തിൽ മാസത്തിന്റെ ആദ്യത്തെ ചൊവ്വാഴ്ച തിറപ്പിൻ വാസൽ ഉപവാസ പ്രാർത്ഥനയും, മറ്റുള്ള ചൊവ്വാഴ്ചകളിൽ ഉപവാസ പ്രാർത്ഥനയും ഉണ്ടായിരിക്കും. ദൈവമക്കൾ കടന്നുവന്നു വിടുതൽ പ്രാപിക്കുവിൻ.

# വീണ്ടും തളിർത്ത അത്തിമരം

## വീണ്ടും തളിർത്ത അത്തിമരത്തിനായി യുദ്ധം ചെയ്യുന്ന കർത്താവ്

പ്രിയ സ്നേഹിതർക്ക് യേശുക്രിസ്തുവിന്റെ നാമത്തിൽ ആശംസകൾ നേരുന്നു! വീണ്ടും തളിർത്ത അത്തിമരം എന്ന ചരിത്ര പംക്തിയിലൂടെ വീണ്ടും കണ്ടുമുട്ടിയതിൽ സന്തോഷിക്കുന്നു.

ഈ മാസം നാം ഇസ്രായേൽ ജനത നേരിട്ട യുദ്ധങ്ങളും അതിന്റെ അനന്തരഫലങ്ങളെക്കുറിച്ചും അറിയുവാൻ പോകുന്നു. വേദപുസ്തക കാലങ്ങളിലെ യുദ്ധങ്ങളെക്കുറിച്ച് നിങ്ങൾ വായിച്ചിട്ടുണ്ടാകും അല്ലെങ്കിൽ വാർത്തകളിലൂടെ കേട്ടിരിക്കാം. വേദപുസ്തകത്തിനപ്പുറം ചരിത്രത്തിൽ ഇസ്രായേൽ ജനത നേരിട്ട യുദ്ധങ്ങളെക്കുറിച്ചും അവർ കൈവരിച്ച വിജയങ്ങളെക്കുറിച്ചും ഈ മാസം നമുക്ക് മനസ്സിലാക്കാം.

പ്രിയ സ്നേഹിതരെ, കർത്താവ് അബ്രഹാമിനെ വിളിച്ച നാൾ മുതൽ യിസ്രായേല്യർ അനേകം യുദ്ധങ്ങൾ നേരിട്ടിരുന്നു. അതിൽ വിജയം പ്രാപിച്ച ധാരാളം യുദ്ധങ്ങളും ഉണ്ട്, പരാജയപ്പെട്ട യുദ്ധങ്ങളുമുണ്ട്.

"ഈ രാജാക്കന്മാരെയൊക്കെയും അവരുടെ ദേശത്തെയും യോശുവ ഒരേ സമയത്തു പിടിച്ചു. യിസ്രായേലിന്റെ ദൈവമായ യഹോവയായിരുന്നു യിസ്രായേലിനുവേണ്ടി യുദ്ധം ചെയ്തത്" (യോശുവ 10:42). യഹോവ യിസ്രായേലിനുവേണ്ടി യുദ്ധം ചെയ്തു എന്ന് ഈ വചനത്തിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നു.


"എന്നാൽ ദൈവം രാത്രി സ്വപ്നത്തിൽ അരാമ്യനായ ലാബാന്റെ അടുക്കൽ വന്ന് അവനോട്: നീ യാക്കോബിനോട് ഗുണമെങ്കിലും ദോഷമെങ്കിലും പറയാതിരിപ്പാൻ സൂക്ഷിച്ചുകൊൾക" (ഉല്പത്തി 31:24) എന്നു കല്പിച്ചു. ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവ് ഒരു ജനതയ്ക്കുവേണ്ടി യുദ്ധം ചെയ്യാൻ ഇറങ്ങിവരുമെങ്കിൽ, ഈ ജനത്തെ കർത്താവ് എത്രമാത്രം സ്നേഹിക്കുന്നുവെന്ന് മനസ്സിലാകുന്നില്ലേ! അതെ, താൻ തിരഞ്ഞെടുത്ത ജനത്തെ ആരും സ്പർശിക്കാതിരിക്കാൻ യുദ്ധം ചെയ്യുന്നവനാണ് നമ്മുടെ കർത്താവ്.




1948 മെയ് 14നാണ് ഇസ്രായേൽ രാഷ്ട്രം സ്ഥാപിതമായത്. കഴിഞ്ഞ മാസം നാം ഇതിനെക്കുറിച്ച് വ്യക്തമായി മനസ്സിലാക്കി. ഇസ്രായേൽ രാഷ്ട്രം സ്ഥാപിതമായതിന്റെ അടുത്ത ദിവസം തന്നെ ഈജിപ്ത്, യോർദ്ദാൻ, സിറിയ, ലെബനൻ, ഇറാഖ് എന്നീ അയൽ രാജ്യങ്ങൾ ഇസ്രായേലിനെതിരെ യുദ്ധം ചെയ്തു. അറബ് രാജ്യങ്ങൾ ഇസ്രായേലിനെതിരെ യുദ്ധം ചെയ്യുവാൻ ഒന്നിച്ചതുകൊണ്ട്, അത് അറബ് -

ഇസ്രായേൽ യുദ്ധം എന്ന് വിളിക്കപ്പെട്ടു. ഈ യുദ്ധം പലസ്തീനികളെ പിന്തുണച്ചും ഇസ്രായേലിനോടുള്ള അസൂയയോടുമാണ് നടത്തപ്പെട്ടത്. ഈ യുദ്ധത്തിൽ അയൽ രാജ്യങ്ങൾ 'പലസ്തീനികളെ പുറത്തുവരുവിൻ, ഞങ്ങൾ ഇസ്രായേല്യരെ നശിപ്പിച്ച് ആ ദേശം നിങ്ങൾക്ക് നൽകാം' എന്ന് പറയുകയും അതേ സമയം ഇസ്രായേലിന്റെ ആദ്യത്തെ പ്രധാനമന്ത്രിയായ ഡേവിഡ് ബെൻ ഗുറിയോൺ 'ഇവിടെ ഇരിക്കുവിൻ! നമുക്ക് ഒരുമിച്ച് യുദ്ധം ചെയ്യാം' എന്ന് അറിയിക്കുകയും ചെയ്തു. എന്നാൽ പലസ്തീനികൾ രാജ്യം വിട്ടു പുറത്തുവന്നു. എങ്ങനെയും അയൽ രാജ്യങ്ങൾ വിജയിക്കുമെന്ന ധൈര്യത്തോടെയാണ് അവർ പോയത്. എന്നാൽ കാര്യംസമാധാനപരമായി അവസാനിച്ചു. "നിന്നോട് എതിർക്കുന്ന ശത്രുക്കളെ യഹോവ നിന്റെ മുമ്പിൽ തോല്ക്കുമാറാക്കും. അവർ ഒരു വഴിയായി നിന്റെ നേരെ വരും; ഏഴു വഴിയായി നിന്റെ മുമ്പിൽനിന്ന് ഓടിപ്പോകും" (ആവർത്തന പുസ്തകം 28:7) എന്ന വചനമനുസരിച്ച്, കർത്താവ് ഇസ്രായേലിനുവേണ്ടി യുദ്ധം ചെയ്തു. യുദ്ധത്തിൽ ഇസ്രായേല്യർ വിജയം കൈവരിച്ചു. പുറത്താക്കപ്പെട്ട പലസ്തീനികൾ ഇന്നും അഭയാർത്ഥികളായി ഇസ്രായേലിനെ ആശ്രയിച്ച് ഇസ്രായേൽ മരുഭൂമികളിൽ താമസിക്കുന്നു. യുദ്ധം നേരിട്ടപ്പോഴെല്ലാം ഇസ്രായേല്യർ തങ്ങളുടെ അതിരുകൾ വിശാലമാക്കി. എന്തെന്നാൽ, ഇസ്രായേലിന്റെ ദൈവമായ കർത്താവ് ഇസ്രായേലിനുവേണ്ടി യുദ്ധം ചെയ്തു.

ഈ യുദ്ധത്തിൽ ഇസ്രായേലിനുവേണ്ടി
യുദ്ധം ചെയ്തവർ തുടക്കത്തിൽ
ഏകദേശം 30,000 ആയിരുന്നു.
അവസാനിച്ചപ്പോൾ 11,5000 ആയി.





എതിരെ യുദ്ധം ചെയ്ത രാജ്യങ്ങൾ



യോർദ്ദാൻ 8000 - 12000
ഈജിപ്ത് 10000 - 20000
ലെബനൻ 1000
സിറിയ 2500 -5000
ഇറാഖ് 3000 - 15000
യമൻ 300
സൗദി അറേബ്യ 800 - 1200



**അതുപോലെ മറ്റൊരു പ്രധാന യുദ്ധം നമുക്ക് കാണാൻ കഴിയും. 1967 ജൂൺ 5 മുതൽ 10 വരെ ഇസ്രായേലിനെതിരെ ഈ ആക്രമണം നടന്നു. ഈ യുദ്ധത്തെ Six-days war അഥവാ അറബ്-ഇസ്രായേൽ യുദ്ധം എന്നു വിളിക്കപ്പെട്ടു.**

ഈ യുദ്ധത്തിൽ ഈജിപ്ത്, സിറിയ, യോർദ്ദാൻ എന്നീ മൂന്ന് രാജ്യങ്ങളും ഇസ്രായേലിനെ ആക്രമിക്കാൻ ഒന്നിച്ചു. ചില അറബ് രാജ്യങ്ങൾ അവരെ പിന്തുണച്ചു. ഇറാഖ്,സൗദി അറേബ്യ, മൊറോക്കോ, അൾജീരിയ, ലിബിയ, കുവൈറ്റ്, ടുണീഷ്യ, സുഡാൻ, പലസ്തീൻ ലിബറേഷൻ ഓർഗനൈസേഷൻ എന്നീ രാജ്യങ്ങളായിരുന്നു പിന്തുണ നൽകിയത്. അവർ ഇസ്രായേലിനെതിരെ ഒരുമിച്ച് യുദ്ധം ചെയ്തെങ്കിലും പരാജയപ്പെട്ടു. കാരണം, ഇസ്രായേലിന്റെ ദൈവം ഇസ്രായേലിനുവേണ്ടി യുദ്ധം ചെയ്തു. ഈ യുദ്ധത്തിന്റെ അവസാനം ഇസ്രായേൽ രാഷ്ട്രം ഈജിപ്തിൽ നിന്ന് ഗാസയും സിനായ് ഉപദ്വീപും പിടിച്ചെടുത്തു. കിഴക്കൻ ജറുശലേം ഉൾപ്പെടെയുള്ള വെസ്റ്റ് ബാങ്ക് അവരിൽ നിന്ന് പിടിച്ചെടുത്തു. വടക്കൻ അതിർത്തിയിലെ പ്രധാനപ്പെട്ട പ്രദേശമായ ഗോലാൻ കുന്നുകളും ഇസ്രായേൽ രാഷ്ട്രം സിറിയയിൽ നിന്ന് പിടിച്ചെടുത്തു.

ഇസ്രായേൽ

50,000 സൈനികർ
2,14,000 അടിയന്തര
സൈനികർ
300 യുദ്ധ വിമാനങ്ങൾ
800 സൈനിക വാഹനങ്ങൾ
ആകെ സൈനികർ 2,64,000
1,00,000 സൈനികർ വിന്യസിച്ചു

ഈജിപ്ത് 2,40,000
സിറിയ, യോർദ്ദാൻ, ഇറാഖ്
3,07,000
957 യുദ്ധ വിമാനങ്ങൾ
2,504 സൈനിക വാഹനങ്ങൾ
ആകെ സൈനികർ 5,47,000
2,40,000 സൈനികർ വിന്യസിച്ചു

**സൈന്യത്താലുമല്ല, ശക്തിയാലുമല്ല, എന്റെ ആത്മാവിനാൽ തന്നേ, ശക്തന്മാരെയും ബലഹീനരെയും സഹായിക്കുന്നത് അങ്ങേയ്ക്ക് ലഘുവായ കാര്യം എന്നു പറയുന്നതുപോലെ, യിസ്രായേലിന്റെ ദൈവമായ യഹോവ അവരുടെ പക്ഷത്തായിരുന്നതുകൊണ്ടാണ് ഇസ്രായേൽ മക്കൾ വിജയിച്ചത്.**

**പ്രിയ സ്നേഹിതരെ, നിങ്ങളും കർത്താവ് തിരഞ്ഞെടുത്തവരാണ്. കർത്താവിനാൽ വേർതിരിക്കപ്പെട്ടവർ. ഇസ്രായേല്യർക്കായി യുദ്ധം ചെയ്ത കർത്താവ് നിങ്ങൾക്കുവേണ്ടിയും യുദ്ധം ചെയ്യുകയും നിങ്ങളുടെ പക്ഷത്തുനിന്ന് നിങ്ങൾക്ക് വിജയം നൽകുകയും ചെയ്യും.**

ഞങ്ങൾ എഴുന്നേറ്റ് ഒരു രാജ്യത്തിനെതിരെയും യുദ്ധം ചെയ്യില്ല. മറിച്ച് നമ്മുടെ രാജ്യത്തെയും ജനങ്ങളെയും സംരക്ഷിക്കാനാണ് ഞങ്ങൾ യുദ്ധം ചെയ്യുന്നത്.

- ബെഞ്ചമിൻ നെതന്യാഹു
(ഇസ്രായൽ പ്രധാനമന്ത്രി)



**ഇസ്രായേൽ സ്വാതന്ത്ര്യം നേടിയതിനുശേഷം നേരിട്ട യുദ്ധങ്ങൾ**

*1948 arab Israel war*
*1956 suez crisis war*
*1967 six days war*
*1973 yom kippur war*
*1982 Lebanon war*
*1987- 1993 first intifada*
*2000- 2005 second intifada*
*2006 - 2007 farah hamas split*
*2023 Present Gaza war*




**അടുത്ത മാസം നമുക്ക് 'യേശു വിടുവിക്കുന്നു' ശുശ്രൂഷയും വീണ്ടും തളിർത്ത അത്തിമരവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് മനസ്സിലാക്കാം!**